സത്യം
അഹിംസ




# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 46 | ലക്കം 2 | 2019 ജൂലൈ 10


## സ്മരണാഞ്ജലി
## പരസ്പരാനന്ദ സംഗമം

**സന്ദർശൻ, തെക്കേനട, അമ്പലപ്പുഴ**
**2019 സെപ്റ്റംബർ 22 ഞായറാഴ്ച വൈകിട്ട് 4 മണി മുതൽ**
**രാവിലെ 6 മണി വരെ. എല്ലാവർക്കും സ്വാഗതം**

സുഖമാണല്ലോ. അല്ലെങ്കിൽ അതിന്റെ യഥാർത്ഥകാരണം കണ്ടെത്തി പരിഹരിക്കുക. കാരണം നമ്മുടെ മനസ്സിൽ തന്നെ ആയിരിക്കും. അവിടെ സിംഹാസനത്തിൽ "ഞാൻ" കയറിയിരിക്കുന്നത് കാണാം. അഹന്തരൂപം പ്രാപിച്ച അവനെ പിടിച്ചുതാഴോട്ടിറക്കി സ്നേഹവിശ്വാസങ്ങളെ അവിടെ പ്രതിഷ്ഠിക്കുക. അതോടെ മനസമാധാനം ഉണ്ടാകും ഈ ഭരണ മാറ്റത്തിന് സഹായകരമായ പുരോഗതിയുടെ തടസ്സം എന്ന ലേഖനം ഇവിടെ സമർപ്പിക്കുന്നു. ശ്രദ്ധയോടെ വായിച്ചാലും.

## പുരോഗതിയുടെ തടസ്സം

ഡി. പങ്കജാക്ഷൻ- 1999 ജനുവരി 15

അന്യോന്യ ജീവിതം നയിക്കുവാൻ അർഹതപ്പെട്ട സവിശേഷവർഗ്ഗമാണ് മനുഷ്യവർഗ്ഗം. ഈ സത്യം മുൻനിർത്തി ഓരോരുത്തരും ചുറ്റുമുള്ളവരെക്കൂടി പരിഗണിച്ച് ജീവിക്കുവാൻ തുടങ്ങണം. "ഞാൻ എനിക്കുവേണ്ടി" എന്ന തലത്തിൽ മനസ്സിനെ വ്യാപരിപ്പിച്ചുകൊണ്ട് ഇനി ഇവിടെ സ്വസ്ഥജീവിതം ആർക്കും സാധ്യമല്ല. അധികാരത്തിലും സമ്പത്തിലും വിശ്വാസമർപ്പിച്ചുകൊണ്ടുള്ള

സ്വകാര്യനിഷ്ഠമായ പരിഹാരാന്വേഷണം പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുകയും പിരിമുറുക്കം വർദ്ധിപ്പിക്കുകയുമേ ചെയ്യൂ. തിരിയേണ്ടത് മനുഷ്യമനസ്സിന്റെ വികാസത്തിലേക്കാണ്. ഭരണഘടനകളിലും പാർലമെന്റുകളിലും സൈന്യത്തിലുംനിന്നു മനുഷ്യവർഗ്ഗം ഇനി ബുദ്ധിയെ സമൂഹമനസ്സിലേക്ക് തിരിച്ചുകൊണ്ടുവരണം. ഓരോരുത്തരും അവനവനെ മാത്രം കേന്ദ്രമാക്കി ചുറ്റിത്തിരിയുന്ന മനോവൃത്തികളെ, വിശാലമാക്കി സമൂഹത്തിലേക്ക് പടർത്താനുള്ള വഴി അന്വേഷണ വിഷയമാക്കണം. അതാവണം വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും ഭരണകൂടങ്ങളുടെയും വിഷയം. നമുക്കെങ്ങനെ പരസ്പരപൂരിത ജീവിതം നയിക്കാം എന്ന വഴിക്ക് കലാകാരൻമാരും ശാസ്ത്രജ്ഞൻമാരും ഇനി വരണം. ഒറ്റയ്ക്ക് ജീവിക്കുന്നതിൽപ്പരം സന്തോഷം ജനിപ്പിക്കുന്ന പുത്തൻ അഭിരുചികൾ ജനങ്ങളിൽ ഉൽപ്പാദിപ്പിക്കണം. പട്ടിണി എങ്ങനെ പരിഹരിക്കാം എന്നതിനേക്കാൾ പ്രധാനം പട്ടിണി എങ്ങനെ പങ്കിടണം എന്നതാകണം. ബന്ധുത്വബോധം വന്നാലേ പങ്കിടാൻ കഴിയൂ. ഈ ഭൂമിയിൽ എന്റെ ബന്ധുക്കളല്ലാതെ മറ്റാരുമില്ലെന്ന സത്യം സർവ്വമനസ്സുകളിലും ഉണർത്തണം. ആ വഴിക്ക് നീങ്ങണം ഇനി നമ്മുടെ അന്വേഷണം. ഇവിടെ ഈ ഭൂമിയിൽ അന്യോന്യത സാധിച്ചിട്ട് നമുക്ക് ഗ്രഹാന്തര യാത്രപോരെ? അല്ലെങ്കിൽ ചൊവ്വയിൽ ചെന്ന് നിന്നു നമുക്കു തന്നെ നമ്മുടെ ഭൂമിയെ നശിപ്പിക്കേണ്ടി വരില്ലേ? മറ്റൊരു വശം പറയട്ടെ.

ഓരോരുത്തരിലുമാണു ജീവൻ പ്രവർത്തിക്കുന്നത്. പുതിയ ജീവിതത്തിന്റെയും തുടക്കം ഓരോരുത്തരിലും നിന്നാവണം. മനസ്സിൽ മാറ്റത്തിന്റെ വിചാരം ജനിപ്പിക്കുന്നതിനു മുമ്പ് സമൂഹത്തെ ആകെ മാറ്റിത്തീർത്തതിന്റെ അപകടം സോഷ്യലിസ്റ്റാധിപത്യത്തിലൂടെയും ജനാധിപത്യത്തിലൂടെയും ഏകാധിപത്യത്തിലൂടെയും മാറ്റം സംഭവിച്ചുവെന്നവകാശപ്പെടുന്ന രാഷ്ട്രങ്ങളിൽ നാം കണ്ടു കഴിഞ്ഞു. ഇനി ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനം നിർത്തണം. “അധികാരം ജനങ്ങളിലേക്ക്” എന്ന മുദ്രാവാക്യത്തിന് പകരം “അധികാരം ജനങ്ങളിൽ നിന്ന്” എന്ന ശൈലിയിലേക്ക് സമീപനം മാറിവരണം. സമൂഹത്തെ ആകർഷിക്കുക, സഹായിക്കുക, ആശ്വസിപ്പിക്കുക, അനുഗ്രഹിക്കുക, സംഘടിപ്പിക്കുക തുടങ്ങിയ സമീപനശൈലികൾക്കുപരി സമൂഹത്തിന്റെ ആകെ പുരോഗതിയുടെ

ഉത്തരവാദിത്വം ഓരോ വ്യക്തിക്കുമുണ്ടെന്ന ബോധം ഓരോരുത്തരിലും ഉണർത്തുവാനുതകുന്ന പ്രവർത്തനശൈലി കണ്ടെത്തണം. വികാരം, വിചാരം, അനുഭൂതി ഇവയെല്ലാം വ്യക്തിയിലാണ് സംഭവിക്കുക. വ്യക്തിയുടെ ഭാവനയാണ് സമൂഹത്തിനാകെ പരിണാമം ഉണ്ടാക്കുന്നത്. വ്യക്തി സമൂഹമനസ്സിനെ സ്വാധീനിക്കുകയും ആ മനസ്സ് വ്യക്തികളെ സ്വാധീനിക്കുകയും വേണം. ഒറ്റയ്ക്കും ഒന്നിച്ചും പ്രേരണ നൽകാം. ആദ്യം സംഭവം വ്യക്തികളുടെ ഉള്ളിൽ തന്നെ സംഭവിക്കണം. സാവധാനം സമൂഹമനസ്സ് രൂപപ്പെട്ടുവരും. സമൂഹത്തിൽ പ്രത്യക്ഷമായി വരുന്ന ചലനങ്ങളുടെ ഉത്ഭവം വ്യക്തിയിൽ തുടങ്ങിയിട്ട് സംഭവിക്കുന്നതായിരിക്കണം ഇതുവരെ നടന്ന പലതും ഇത്തരത്തിൽ അടിവേരുറപ്പിച്ച് മുളച്ചുപടർന്നുണ്ടായതല്ല. ഗവൺമെന്റും സംഘടനകളുമെല്ലാം ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ തുടങ്ങിയതുകൊണ്ട് വ്യക്തിക്ക് സ്വബാദ്ധ്യതയെപ്പറ്റിയുള്ള ബോധം ഇല്ലാതായിപ്പോയി. സാധാരണക്കാരായ നാമാണ് ഇനി മുന്നിൽ വരേണ്ടത്. ഏജൻസി ഏർപ്പാട് ഒരു രംഗത്തും മതിയാവില്ല. സൂക്ഷ്മമായി ചിന്തിച്ചാൽ പുരോഗതിയുടെ തടസ്സം ഭരണകൂടങ്ങളോ, മുതലാളിത്തമോ, വർഗ്ഗീയതയോ ലഹരിയോ അല്ല ബഹുജനങ്ങൾ അവരവരിലേക്ക് ചുരുങ്ങിപ്പോയതാണെന്നു കാണാം. ആർക്കെന്തു വന്നാലും സ്വന്തം കാര്യം നോക്കണമെന്നല്ലാതെ മറ്റൊരു വിചാരവുമില്ലാത്ത ബഹുജനമാണു ഭൂമിയുടെ ഭാരം. മറ്റുള്ളവരെപ്പറ്റിയുള്ള വെറുപ്പും അവരെ പിന്നിലാക്കാനുള്ള കുതിപ്പും, പിന്നോട്ടു പോരുമോ എന്ന ഉത്കണ്ഠയുംകൊണ്ട് സദാ ചൂടുപിടിച്ച് വറ്റിവരണ്ട മനസ്സാണ് ലോകത്തിന്റെ ഏറ്റവും കഠോരമായ പ്രശ്നം. എല്ലാവർക്കും വീടുണ്ടായാലും സകല വീട്ടിലും റോഡ് എത്തിയാലും സമൃദ്ധി വർദ്ധിച്ചാലും എല്ലാവരും വിശ്വാസികളോ നാസ്തികരോ ആയിത്തീർന്നാലും മനുഷ്യ മനസ്സിന്റെ കഠോരത മാറി പരസ്പരം ആർദ്രമാകുന്നില്ലെങ്കിൽ നാം യഥാർത്ഥ ജീവിതാനന്ദം അനുഭവിക്കില്ല.

നമുക്ക് വേണ്ടതെന്ത്? എല്ലാവരം വേണ്ടപ്പെട്ടവർ എന്ന വീക്ഷണം എല്ലാവരിലും ഉണർത്തുകതന്നെയാണ്. എല്ലാവരും വേണ്ടപ്പെട്ടവർ എന്നബോധം കൊണ്ട് അലിവാർന്ന മനസ്സ് എല്ലാവരിലും ഉറവായി വരുവാൻവേണ്ട സാധന ചെയ്യണം. അതിനുള്ള പ്രേരണ പരസ്പരം നൽകണം. സകല മനുഷ്യരും ഉള്ളടുപ്പത്തിൽ

വരണം. മതസൗഹാർദ്ദം പോര, മനുഷ്യബന്ധമാണ് വേണ്ടത്. ഏറ്റവും പ്രയാസമായ കാര്യമാണിത്. എല്ലാവരിലും ഒരിക്കലും സംഭവിക്കത്തില്ലെന്നുവരും. രക്തബന്ധം കൊണ്ട് വ്യക്തിബന്ധം ഉണ്ടാകണമെന്നില്ല. സാമ്പത്തിക സമത്വം കൊണ്ടും അതുണ്ടാവ ണമെന്നില്ല. ഒരേ വീട്ടിൽ താമസിച്ചാലും ഓരേ ആരാധനാലയത്തിൽ ഒരുമിച്ചു പ്രാർത്ഥന നടത്തിയാലും ഒരേ ഭാഷക്കാരും ഒരേ ദേശ ക്കാരും വേഷക്കാരുമായാലും ഉള്ളടുപ്പം വരണമെന്നില്ല. ഉള്ളടുപ്പം ഉണ്ടാകാൻ വേണ്ടി വ്യക്തിപരമായി ശ്രമിച്ചാലല്ലാതെ മറ്റെന്ത് സാധി ച്ചാലും ഉള്ളടുപ്പമുണ്ടാവില്ല. "ലോകാഃസമസ്താഃസുഖിനോഭവന്തു" എന്ന് നിത്യേന പ്രാർത്ഥിക്കുന്നവർക്കും മറ്റൊരു മനുഷ്യനോട് ലയം സാധിക്കുന്നില്ലല്ലോ. എന്റെ മതമാണ് ശ്രേഷ്ടം എന്നു സ്ഥാപിക്കു വാൻ ഈ വരികൂടി ഉപയോഗപ്പെടുത്തും! ഏതെങ്കിലും ഒരു സങ്കു ചിത വട്ടം നിർമ്മിച്ച് അതിനുള്ളിൽ ചുരുണ്ടുകൂടുവാനുള്ള ശീല മാണു നമുക്കിന്ന് കൈവന്നിരിക്കുന്നത്. മനസ്സ് അങ്ങനെ വാർക്ക പ്പെട്ടുപോയി സ്വന്തം ശരീരത്തിൽ മാത്രം ഉടക്കിയ മനസ്സുമായി വിശാലാന്തരീക്ഷത്തിലേക്ക് പറക്കാനാവില്ല. രാഷ്ട്രം, മതം, ജാതി, സ്വകാര്യസമ്പത്ത്, കുടുംബം തുടങ്ങി വിവിധ ബന്ധങ്ങളിൽ നാം കുരുങ്ങികിടക്കുകയാണ്. അപസ്മാരരോഗി സ്വന്തം കൈകൊണ്ട് സ്വന്തം പിടലി ഞെരിച്ചു നാക്കുപുറത്തുചാടിയാലും പിടി അയ യ്ക്കാതിരിക്കുന്നതുപോലെ സാമൂഹ്യ അപസ്മാരം പിടിപെട്ട, നാം എത്ര കഷ്ടത അനുഭവിച്ചാലും അവനവനിലെ പിടിവിട്ട് അന്യോ ന്യജീവിതത്തിന് തയ്യാറാവില്ല. അതിന് ഒരു പരിഹാരവുമില്ലെന്നു വരുമോ. പരിഹാരം കാണാതിരിക്കില്ല. പിടി അയഞ്ഞുവരുവാൻ സാവധാനമേ പറ്റൂ. ദർശനം മുന്നോട്ടുവെച്ചിട്ടുള്ള മൂന്നു സാധന കൾ ശീലിക്കുവാൻ തുടങ്ങിയാൽ മനസ്സ് അയഞ്ഞുവന്നേക്കാം എന്നു തോന്നുന്നു. മറ്റ് സാധനകൾ അനുഷ്ഠിക്കുന്നവർ അതി നോടൊപ്പം മാനുഷികധ്യാനം, മൈത്രീഭാവന, തറക്കൂട്ടം ഇവ മൂന്നും സാധനയാക്കണം. പ്രകൃതിജീവനം, ലഹരിമോചനം, സ്ത്രീവിമോ ചനം, ജനസംഖ്യാനിയന്ത്രണം തുടങ്ങി വിവിധ രംഗങ്ങളിൽ വിജയം വരിക്കുന്നതിന് ഈ മൂന്നു സാധനകളും ഉപകരിക്കും. അത്രഅടി സ്ഥാനപരമാണവ. ഞാനൊരാൾ ഇതൊക്കെ ചെയ്താൽ ഈ ലോകത്ത് എന്ത് സംഭവിക്കാനാണ് എന്നു നിശ്ചയിച്ചൊഴിയരുത്. നാം അത് ചെയ്തു തുടങ്ങുക.

# കൊച്ചുവർത്തമാനം

**ഒരു സ്വസ്ഥതയുമില്ല.**

ഇതുപറയുന്നവരാണ് കൂടുതലെന്നും സുഖമാണെന്നുപറയുന്നവർ കുറവാണെന്നുമാണ് എന്റെ തോന്നൽ. അതുതെറ്റായിഭവിക്കട്ടെ. തിരിച്ചറിവുള്ളവരല്ലേ മനുഷ്യർ അപ്പോൾ പ്രശ്നങ്ങൾക്കിടയിലും സന്തോഷമായിരിക്കേണ്ടവരാണ്. സ്വയം സന്തുഷ്ടനാകാതെ എങ്ങനെയാണ് മറ്റുള്ളവർക്ക് സന്തോഷം പകരുന്നത്. ആരോഗ്യം ഇല്ലാത്തവർ എങ്ങനെ അതിന് മാതൃകയാവും. മറ്റുള്ളവർക്ക് സന്തോഷം പകരുക എന്നതാണ് ജീവിതാനന്ദത്തിനുള്ള വഴി. സുഖദുഃഖങ്ങൾക്ക് അടിസ്ഥാനം നമ്മുടെ മനോഭാവമാണ്. എന്ത് കിട്ടിയാലും മതിയാകാത്ത നമ്മുടെ മനസ്സും ലോകവ്യവസ്ഥയെ കുറിച്ചുള്ള അജ്ഞാനവുമാണു ദുഃഖകാരണം. ഇപ്പോൾ നമുക്ക് അസ്വസ്തത തോന്നിപ്പിക്കുന്ന വ്യക്തിയോ, സാഹചര്യങ്ങളോ നാളെ നമുക്ക് ഗുണകരമാകാം. ഇത് നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് നീങ്ങുന്നതോ നീക്കേണ്ടതോ ആയ ലോകമല്ല. അതിന് ധർമ്മത്തിലധിഷ്ഠിതമായ ഒരു നിയമവ്യവസ്ഥയുണ്ട്. മനുഷ്യശക്തിക്ക് അതീതമായ കരുത്തുണ്ട്. ഒരു നിമിഷം കൊണ്ട് പ്രകൃതിക്ക് എല്ലാം മാറ്റിമറിക്കാം. നാം അത് പലതവണ കണ്ടിട്ടുണ്ടെങ്കിലും കാണാപ്പൊരുൾ പഠിക്കുന്നില്ല. അതിനാൽ വൈറസുമുതലുള്ള സഹജീവികളും കായ്കനികളും ഉൾപ്പടെ നമ്മെ നിലനിർത്തുന്ന നമ്മുടെ ചുറ്റുമുള്ള പ്രകൃതിയെ കണ്ട് നാം വൃഥാ ഭയപ്പെടുകയാണ്.

നമ്മളും ഈ ഭൂമിയും സൂര്യ ചന്ദ്രനക്ഷത്രാദികളും അവരവരുടെ ഭ്രമണപഥത്തിലാണ് കറങ്ങികൊണ്ടിരിക്കുന്നത്. ഇത് ആനന്ദകരമായ ഒരു ലോകമാണ്. മനുഷ്യനൊഴികെ എല്ലാ ജീവികളും ഇത് കണ്ട് ആസ്വദിക്കുന്നു. അവർക്കൊന്നും അഹന്തയില്ല. അപ്പോൾ ആനന്ദത്തിന് തടസ്സമായി നിൽക്കുന്നത് നമ്മുടെ മനോഭാവമാണ്. ഒരു ഭരണമാറ്റം ഉണ്ടാകണം. ഈശ്വരൻ സൃഷ്ടിച്ച് സംവിധാനംചെയ്യുന്ന ലോകത്തിലല്ല നാം സൃഷ്ടിച്ച ലോകത്തിൽ നമ്മുടെ മനസ്സിൽ ആണ് മാറ്റം അത്യാവശ്യമായിട്ടുള്ളത്. അവിടെ മറ്റുള്ളവർക്ക് കൂടി ഇടം കൊടുക്കുക. നല്ലത് ചിന്തിച്ചും

പ്രവർത്തിച്ചും സ്നേഹിച്ചും ജീവിക്കുക. പാരസ്പര്യമാണ് പ്രകൃതി നിയമം. അതിനോട് ചേർന്ന് നിൽക്കുക. മുള്ളുമുരുക്കിൽ കയറി കെട്ടിപ്പിടിച്ചിട്ട് എനിക്ക് വേദനിക്കുന്നേ എന്ന് പറഞ്ഞ് കിടന്ന് കരയാതെ പിടി വിടുക. നമ്മുടെ മനസ്സിനെ നിരീക്ഷിച്ചാൽ അവന് വിപരീത ബുദ്ധിയുണ്ടെന്ന് കാണാം. അതാണ് നമ്മുടെ അസ്വസ്ഥതക്ക് കാരണം. മനസ്സ് അടങ്ങിയാൽ ശാന്തി കൈവരും.

മുരളീധരമേനോൻ സാർ പറഞ്ഞ് കേട്ടിട്ടുള്ളതാണ്. ചേർത്തലയിൽ ഒരു കരയോഗത്തിൽ ഉണ്ടായ അഭിപ്രായ ഭിന്നത പിളർപ്പിന്റെ വക്കോളം എത്തി. മദ്ധ്യസ്ഥ ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ ശ്രീ.മന്നത്ത് പത്നാഭനു തന്നെ വരേണ്ടിവന്നു. കാര്യങ്ങൾ മനസ്സിലാക്കി ഇരു കൂട്ടരേയും വിളിച്ച് ഒരു ഒത്തുതീർപ്പിന് ശ്രമിച്ചു. മന്നം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ പ്രശ്നകാരണക്കാരനായ ശകുനി ഒരു തർക്കമൊവുമായി ചാടിയെഴുന്നേറ്റു. ആളെ തിരിച്ചറിഞ്ഞ മന്നം ഇടിവെട്ടുംപ്പോലെ ഇരിയെടാ അവിടെ എന്ന് ആജ്ഞാപിച്ചു. മന്നത്തിന്റെ പ്രഭാവത്തിൽ ഭയന്ന് ഇരുന്നുപോയ അദ്ദേഹം യോഗം തീരും വരെ മിണ്ടിയില്ല. ഇരുകൂട്ടരും ഒത്തുതീർപ്പ് വ്യവസ്ഥ അംഗീകരിച്ച് യോഗം പിരിച്ചു. നമ്മുടെയൊക്കെ മനസ്സിൽ ഈ ശകുനി സജീവമായി ഉണ്ട്. മറ്റുള്ളവരുമായി സഹകരിക്കുവാനും സഹായിക്കുവാനും തടസ്സമായി നിൽക്കുന്ന നമ്മുടെ അഹന്ത തന്നെയാണ് ശകുനി. എല്ലാ അനർത്ഥങ്ങൾക്കും അവനാണ് കാരണക്കാരൻ. ഇത് നമ്മുടെ മനസ്സിന്റെ ശാന്തിയെ തകർക്കുന്നു. അത് തിരിച്ചറിഞ്ഞു മനസ്സിൽ വസിക്കുന്ന ശകുനിയുടെ ഇടപെടലുകൾ ഉണ്ടായാൽ ഇരിയെടാ അവിടെ എന്ന് പറയുവാൻ കഴിയണം എങ്കിൽ സ്വസ്തതയോടെ ജീവിക്കാം.

**ചുറ്റും നടക്കുന്ന സംഭവവികാസങ്ങളിലെല്ലാം നമുക്ക് അഭിപ്രായം തോന്നുന്നത് സ്വാഭാവികമാണ്. നമ്മുടെ നിലപാടുതറകളിൽ നിന്നുമാണ് അഭിപ്രായങ്ങൾ പൊന്തിവരുന്നത്. സത്യത്തിൽ നിന്നല്ല എന്ന സത്യം നാം തിരിച്ചറിയണം. നമ്മുടെ മാനസിക നില സ്വതന്ത്രവും പക്വത ഉള്ളതുമാണെങ്കിലെ ശരിയായ പ്രതികരണം ഉണ്ടാകൂ. പക്ഷപാതപരമായ ചിന്തകൾ നമ്മെ തെറ്റായ വഴിക്ക് നയിക്കും സ്വസ്ഥതയും നഷ്ടപ്പെടും. സ്വസ്ഥത പോയിട്ടു**

**ണ്ടെങ്കിൽ വഴിതെറ്റിയെന്ന് മനസ്സിലാക്കാം. ചുറ്റുപാടുകളെ നിരീക്ഷിക്കുക. ആവശ്യമുള്ളപ്പോൾ മാത്രം ഇടപെടുക. സ്വധർമ്മാനുഷ്ഠാനം തന്നെയാണ് രക്ഷാമാർഗ്ഗം.**

ഹോമിയോപ്പതി പഠിച്ചുകഴിഞ്ഞ് വീട്ടിൽ ചികിത്സ തുടങ്ങിയ കാലം. ഏത് രോഗവും ചികിത്സിച്ചു ഭേദമാക്കാമെന്നാണ് അന്നത്തെ വിചാരം. കാരണം പുസ്തകത്തിൽ അതിന് മരുന്നുണ്ട്. അത് പഠിച്ചതിന്റെ അഹങ്കാരവും ഉണ്ട്. ചികിത്സ കഴിഞ്ഞാൽ രാത്രി കൂട്ടുകാരുമായി ഡിസ്പൻസറി കെട്ടിടത്തിൽ വെടിവട്ടം കൂടിയിരിക്കും. തുടർന്ന് പാതിരാ വരെ ചീട്ടുകളിയും ഉണ്ടാകും. ഇത് മനസ്സിലാക്കിയ അച്ഛൻ ഒരു രാത്രി വാതിലിൽ മുട്ടി. "ഇത് ശരിയല്ല എല്ലാവരും വീട്ടിൽ പോയിക്കിടന്നുറങ്ങിൻ" എന്ന് പറഞ്ഞു കൂട്ടുകാരെല്ലാം അപ്പോഴെ എഴുന്നേറ്റ് പോയി. എനിക്ക് ദേഷ്യം വന്നു. ഞാൻ അച്ഛന്റെ നേരേ തട്ടിക്കയറി. അച്ഛൻ ദർശനത്തിന്റെ ജോലി ചെയ്യുന്നതുപോലെ തന്നെയാണ് എന്റെ ചീട്ടുകളിയും. രണ്ടും കർമ്മം തന്നെ. ഗീതാശാസ്ത്രം അനുസരിച്ച് രണ്ടും തമ്മിൽ വ്യത്യാസമില്ല. ഓരോരുത്തരും അവരവരുടെ കർമ്മം ചെയ്താൽ മതി എന്ന് പറഞ്ഞു ഞാൻ അച്ഛനെ ബോധവൽക്കരിച്ചു. ഇത് കേട്ട് ഒന്നും മിണ്ടാതെ അച്ഛൻ പോയിക്കിടന്നുറങ്ങി. ഗീതയും, ദർശനവും എത്ര നിസ്സാരമായാണ് ഞാൻ അന്ന് വ്യാഖ്യാനിച്ചത്. ഇന്നും ഇതിന്റെയൊക്കെ ഔന്നത്യം തിരിച്ചറിയാതെ പൈയോക്കളെപ്പോലെ താഴ്വാരങ്ങളിൽ മേഞ്ഞുനടക്കുന്നു.

ഏത് സാഹചര്യത്തിലും ആത്മവിശ്വാസത്തോടെ മനസ്സിന്റെ സമനില സംരക്ഷിച്ചു സന്തോഷമായി ഇരിക്കുവാനും കാരുണ്യപൂർവ്വം പെരുമാറുവാനും ഉതകുന്ന മാനസികാവസ്ഥ തരുന്നതായിരിക്കണം നമ്മുടെ തത്വശാസ്ത്രം. അല്ലാത്തതെല്ലാം വഴി തെറ്റിക്കും. അഹന്തയും വെറുപ്പും നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ സ്വസ്ഥത ഉണ്ടാകില്ല. രോഗങ്ങൾ ഉണ്ടാകും. ഇന്ദ്രിയങ്ങളും മനസ്സും ആത്മാവും പ്രസന്നമായിരിക്കണം. അപ്പോഴാണ് നമുക്ക് ആനന്ദം അനുഭവപ്പെടുന്നത്. അത് വീട്ടിലും അന്തരീക്ഷത്തിലും പടരും, പുഞ്ചിരി വിടരും. ശരീരമനസ്സുകൾ ആരോഗ്യപൂർണ്ണമാകട്ടെ മാനുഷികധ്യാനം കൊണ്ട് മനസ്സ് നിർമ്മലമാകട്ടെ. അല്ലാതെ ജഗദീശ്വ

രൻ സൃഷ്ടിച്ച ഈ ലോകത്തിൽ നിങ്ങൾക്ക് ശാന്തത ഉണ്ടാകില്ല. നമുക്ക് എത്തും പിടിയും കിട്ടാത്ത ലോകവ്യവഹാരങ്ങളിൽ വെറുതെ തലയിട്ടു ബാലിയുടെ വാലിൽ പിടിച്ച രാവണനെപ്പോലെ കുരുങ്ങരുത്. വിഷമം തോന്നിയാൽ ഉള്ളിലേക്ക് നോക്കണം ദുഃഖകാരണം ഉള്ളിൽ തെളിഞ്ഞുവരും മനസാക്ഷിയുടെ നിർദ്ദേശം സ്വീകരിച്ച് കർമ്മം ചെയ്യുക. മനുഷ്യന് കർമ്മം ചെയ്യാൻ മാത്രമേ കഴിയൂ. ഫലം അവന്റെ കൈകളിലല്ല. എന്നു കരുതി കർമ്മം ചെയ്യാതെയുമിരിക്കരുത്. വിത്തിൽനിന്ന് വൃക്ഷവും, വൃക്ഷത്തിൽ ഫലവുമുണ്ടാകുന്നു. പൂർവ്വകർമ്മങ്ങളിൽനിന്ന് വർത്തമാനവും, വർത്തമാനകാലകർമ്മങ്ങളിൽനിന്ന് ഭാവിയും രൂപപ്പെടുന്നു. ചിന്തകളിൽനിന്ന് കർമ്മവും കർമ്മത്തിനനുസരിച്ച് ഫലവുമുണ്ടാകുന്നു. ആദ്യം ചിന്തകൾ പരിശുദ്ധമാകണം. കിളികൾ മരക്കൊമ്പുകളിൽ മുട്ടിയുരുമ്മിയിരുന്ന് കുശലം പറയുന്നു, തീറ്റയും കൊത്തിത്തിന്ന് അവിടെത്തന്നെ ഉറങ്ങുന്നു. എന്നാൽ അതിനറിയാം ചിലപ്പോൾ കാറ്റുവന്ന് ഇരിക്കുന്ന കമ്പ് ഒടിഞ്ഞുപോകാം. ഒടിഞ്ഞാൽ അവ വീഴുകയില്ല, പറന്നുയരുന്നു. മനുഷ്യൻ ഈ ജീവജാലങ്ങളിലും ശ്രേഷ്ടനാണെന്ന് അഭിമാനിക്കുന്നു. പക്ഷേ, ജഗദീശ്വരന്റെ ഈ സൃഷ്ടികണ്ട് ഒന്നും പഠിക്കുന്നില്ല. കണ്ട് പഠിച്ചില്ലെങ്കിൽ കൊണ്ടുപഠിക്കേണ്ടിവരും. എങ്കിലും ഒന്നും ഭയപ്പെടാനില്ല. ഒരു ശിൽപ്പി തന്റെ ശിലയിൽ കൊത്തുന്നത് സുന്ദരമായ ഒരു ശിൽപ്പം ശിലയിൽനിന്നും രൂപപ്പെടുത്തുവാനാണ്. ഈ പ്രപഞ്ചശിൽപ്പി നമ്മുടെ മനസ്സിനെ ബാധിച്ചിരിക്കുന്ന അഹങ്കാരവും അസൂയയുമൊക്കെ അതിനുപറ്റിയ അനുഭവങ്ങൾതന്ന് കൊത്തിക്കളഞ്ഞ് നമ്മെ സുന്ദരനാക്കുന്നു. ഈ ലോകത്തെ സുന്ദരമാക്കുന്നതും വികൃതമാക്കുന്നതും നമ്മുടെ മനസ്സാണ്. ആ മനസ്സിനെ സുന്ദരമാക്കിയാൽ ലോകവും സുന്ദരമാകും. കഴിവതും പരോപകാരപ്രദമായി ജീവിക്കുക. അനുഭവങ്ങൾ തളരാനുള്ളതല്ല. അതുപയോഗിച്ച് വളരുവാനുള്ളതാണ്. ചിലപ്പോൾ ഗൗരവതരമായ ഒരു പ്രതിസന്ധിയെ തരണം ചെയ്യാൻ നമുക്ക് കഴിയാതെവരും. അപ്പോൾ ഭയപ്പെടരുത്. നാം ഒറ്റയ്ക്കല്ല ഈ പ്രപഞ്ചശിൽപ്പി നമ്മോടൊപ്പം ഉണ്ടെന്നുള്ള ബോദ്ധ്യം ശ്വാസോച്ഛ്വാസം പോലെ ഉണ്ടാകണം. എല്ലാ അനുഭവങ്ങളേയും സന്തോഷപൂർവ്വം സ്വാഗതം ചെയ്യുക. പിന്നെ ആത്മാനന്ദത്തിന്റെ അമൃതപൂരം. ജയ് ജഗത്.

# പുതിയ ലോകം പുതിയ വഴി – ഒരു അനുചിന്തനം

**(ഭാഗം 19)**

**– ജോർജ് മൂലേച്ചാലിൽ**

## പുതിയ സമൂഹത്തിന്റെ പ്രാവർത്തിക രൂപം

''സത്യാഗ്രഹത്തിന്റെ എല്ലാ നിയമങ്ങളും ഇനിയും വെളിവായിക്കഴിഞ്ഞിട്ടില്ല" എന്ന് ഗാന്ധിജി പ്രസ്താവിച്ചതുപോലെ, പഞ്ചായത്തുതലത്തിനുമുകളിലുള്ള കൂടുതൽകൂടുതൽ വിപുലമായിവരുന്ന ജനസമൂഹങ്ങളുടെ ഘടനയെക്കുറിച്ച്, "സംഭവിച്ചുകണ്ടാലല്ലാതെ ഇപ്പോൾ ഇതു രൂപകല്പന ചെയ്യാൻ എനിക്കാവില്ല" (പേജ് 69; 2–ാം പതിപ്പ് :54) എന്നുപറഞ്ഞ് അക്കാര്യം ഭാവിതലമുറകൾക്കായി വിടുകയാണ് പങ്കജാക്ഷൻ സാറും ചെയ്തിരിക്കുന്നത്. എങ്കിലും ഒരു കാര്യം അദ്ദേഹം തറപ്പിച്ചു പറയുന്നുണ്ട്; അതായത്, ''മേലോട്ടു ചെല്ലുന്തോറും വാർത്താ വിനിമയഘടകം എന്നതിൽകവിഞ്ഞ് വലിയ പ്രാധാന്യമൊന്നും ഈ പ്രതിനിധിസഭയ്ക്ക് ഉണ്ടാവില്ല" (പേജ് 69; 2–ാം പതിപ്പ് : 53–54), എന്ന്.

അതിനർത്ഥം, പുതിയലോകത്തിൽ യഥാർത്ഥ സമൂഹ ജീവിതവും അതിന്റെ ക്രമീകരണങ്ങളും നിയന്ത്രണങ്ങളുമെല്ലാം, മുഖ്യമായും തങ്ങൾക്ക് ഏറ്റം സമീപസ്ഥമായ പഞ്ചായത്തു തലംവരെയുള്ള സാമൂഹിക കൂട്ടായ്മകളിലാണു നടക്കുകയെന്നും, അതുകൊണ്ട് അവയുടെ രൂപീകരണത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്നുമാണ്. അവ ഉറച്ചുകഴിഞ്ഞാൽ, അതിന്റെ അടിത്തറയിൽ അവയെ കോർത്തിണക്കി സമൂഹത്തിന്റെ ഉപരിഘടകങ്ങൾ രൂപീകരിക്കുക താരതമ്യേന എളുപ്പമായിരിക്കാനിട. അതുകൊണ്ട്, ഇപ്പോൾ ചിന്തിക്കേണ്ടത് പഞ്ചായത്തുവരെയുള്ള സാമൂഹിക സംവിധാനത്തെക്കുറിച്ചാണ്. അതുസംബന്ധിച്ച് പങ്കജാക്ഷൻ സാർ വളരെ വ്യക്തമായി ഇങ്ങനെ പറയുന്നു:

*''തൊട്ടടുത്തുള്ള 10–15 വീടുകൾ ചേർന്നുള്ള തറക്കൂട്ടങ്ങളായിരിക്കും, അടിസ്ഥാന സാമൂഹജീവിതഘടകം. ഓരോ തറക്കൂട്ടവും ലോകത്തിന്റെ കേന്ദ്രബിന്ദുവായിരിക്കും. ഓരോ തറയും കൂടുന്നത് ലോകത്തിനുവേണ്ടിയായിരിക്കും എന്നതുകൊണ്ട് തറക്കൂട്ടയോഗത്തിൽ ആർക്കും സംബന്ധിക്കാം. അഭിപ്രായം പറയുകയും ചെയ്യാം. അഞ്ചു തറകൾ കൂടുന്നതാണ്*

*ഒരയൽക്കൂട്ടം. 50–60 വീടുകൾ കാണും. അഞ്ചയൽക്കൂട്ടത്തിൽപെട്ട 250–300 വീടുകൾ ഉൾക്കൊള്ളുന്നതായിരിക്കും ഒരു ഗ്രാമക്കൂട്ടം. ഇവ മൂന്നുംകൂടിയാണ് പുത്തൻ സമൂഹത്തിനു താങ്ങായി പ്രവർത്തിക്കുന്നത്. ഈ മൂന്നു ഘടകത്തിലും വ്യക്തികൾ നേരിട്ട് യോഗങ്ങളിൽ പങ്കെടുക്കും. ഇതിനുമേലോട്ട് പ്രിതിനിധിസഭകളാണ്. അഞ്ച് ഗ്രാമക്കൂട്ടക്കാർ ഓരോരുത്തരെ വീതം നിശ്ചയിച്ച് അഞ്ചുപേരടങ്ങുന്ന വാർഡ് കമ്മിറ്റി ഉണ്ടാക്കുന്നു. വാർഡ് കമ്മിറ്റികളിൽ ആർക്കും പങ്കെടുത്ത് അഭിപ്രായം പറയാം. അഞ്ച് വാർഡ് കമ്മിറ്റികളിൽ ഓരോന്നും നിശ്ചയിക്കുന്ന അഞ്ചുപേർ ചേർന്ന് പഞ്ചായത്ത് സമിതി രൂപപ്പെടുന്നു. ജനപ്രതിനിധികളല്ലാതെ ഉദ്യോഗസ്ഥന്മാരാരും പ്രതിനിധിസഭകളിലുണ്ടായിരിക്കുകയില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഉദ്യോഗസ്ഥരെന്നൊരു വർഗ്ഗമേ ഉണ്ടാവില്ലെന്നോർക്കണം. എല്ലാവരും ഉദ്യോഗസ്ഥർ" (പേജ് 69; 2–ാം പതിപ്പ് : 53).*

ഇപ്രകാരം തറക്കൂട്ടങ്ങളുടെയും അയൽക്കൂട്ടങ്ങളുടെയും ഗ്രാമക്കൂട്ടങ്ങളുടെയും അടിത്തറയിൽ രൂപീകൃതമാകുന്ന ഒരു പഞ്ചായത്തു സമൂഹത്തെ ഒന്നു സങ്കല്പിച്ചുനോക്കിയാൽ, പങ്കജാക്ഷൻസാർ വിഭാവനം ചെയ്യുന്ന ആ പുതിയലോകത്തിന്റെ ചെറിയ പതിപ്പാണത് എന്നു കാണാനാകും. ബന്ധുത്വബോധത്തിലധിഷ്ഠിതമായി രൂപീകരിക്കപ്പെടുന്ന ഈ ഓരോ സാമൂഹിക കൂട്ടായ്മയിലും നടക്കുന്ന യോഗങ്ങളും ഇടപെടലുകളും സമൂഹജീവിതത്തിന്റെ ഓരോ കോശത്തിലും പുതുചൈതന്യത്തിന്റെ ചോരയോട്ടമുണ്ടാക്കുന്നു.

പരസ്പരാനന്ദകരമായ ഒരു പുതിയ ലോകം സാധ്യമാണെന്നും അതിനടിസ്ഥാനമായിരിക്കുന്നത് പരസ്പരബന്ധമാണെന്നും, അതേറ്റവും പ്രകടമാകേണ്ടത് ഓരോരുത്തരുടേയും ജീവിത ഇടങ്ങളിലായിരിക്കേണ്ടതുണ്ടെന്നുമുള്ള അവബോധം വ്യാപകമാകുന്നതിനനുസ്സരിച്ച്, ഓരോ തറക്കൂട്ടത്തിലും ആ പ്രദേശത്തുള്ള ഓരോ വ്യക്തിയുമായും ഓരോ കുടുംബമായുമുള്ള ബന്ധത്തിന്റെ ഇഴയടുപ്പം വർദ്ധിപ്പിക്കാനുള്ള ബോധപൂർവ്വ പ്രവർത്തനങ്ങളും കൂടിവരും. ആ ചെറുപ്രദേശത്തിന്റെ കാര്യങ്ങൾ കുടുംബകാര്യങ്ങളെന്നപോലെ കാണാനും കൈകാര്യം ചെയ്യാനുമുള്ള ഭാവനയും നേതൃത്വവും അവിടെത്തന്നെ ഉരുത്തിരി

യുകയും എല്ലാവരുടെയും സഹകരണത്തിൽ പരമാവധികാര്യങ്ങൾ നടപ്പാക്കപ്പെടുകയും ചെയ്യും. സ്വന്തം കുടുംബത്തിന്റെ ഉന്നമന ത്തിനുവേണ്ടിയെന്നപോലെ, എല്ലാവരും തങ്ങളുടെ കഴിവുകൾ താനുൾപ്പെട്ട തറക്കൂട്ടസമൂഹത്തിന്റെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനുംവേണ്ടി വിനിയോഗിക്കാൻ തയ്യാറാകും. അതെല്ലാം മാനസികമായ സംതൃപ്തിക്കും, ആ സമൂഹത്തിലുള്ളവരുടെ അംഗീകാരത്തിനും ഇടയാക്കുകയും, വ്യത്യസ്തങ്ങളായ തങ്ങളുടെ കഴിവുകളും പ്രതിഭയും സർഗ്ഗശേഷിയും വളർത്തി സമൂഹത്തിനു വേണ്ടി വിനിയോഗിക്കാനുള്ള ഉത്സാഹം എല്ലാവരിലും വർദ്ധിക്കു കയും ചെയ്യും.

ഇത്തരം അഞ്ചു തറകൾ ചേർന്നുള്ള അയൽക്കൂട്ടസമൂഹം, പ്രവർത്തനങ്ങൾക്കും അവയുടെ ഏകോപനത്തിനും കൂടുതൽ വിശാലമായ രംഗവേദിയായിത്തീരുന്നു. 50-60 കുടുംബക്കാരുടെ പൊതു ആവശ്യങ്ങൾ എന്തൊക്കെയെന്നു കണ്ടെത്തി, അതിനുവേണ്ടിയുള്ള കാര്യങ്ങൾ രൂപകല്പനചെയ്ത് അവർ തന്നെയോ, മറ്റ് അയൽക്കൂട്ടങ്ങളുടെകൂടി സഹകരണത്തോടു കൂടിയോ നിർവ്വഹിക്കപ്പെടുന്നു. കൂട്ടുകൃഷി, ഉല്പന്ന സംസ്കര ണത്തിനും സംഭരണത്തിനും വിതരണത്തിനുമുള്ള സംരംഭങ്ങൾ, ചെറുവ്യവസായങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ഇതിലുൾ പ്പെടും.

അഞ്ച് അയൽക്കൂട്ടങ്ങളെത്തമ്മിൽ കണ്ണിചേർത്ത് 200-300 കുടുംബങ്ങളെ ഉൾപ്പെടുത്തിയുള്ള ഗ്രാമക്കൂട്ടം 1000-ലേറെ അംഗങ്ങളുള്ള, താരതമ്യേന വലിയൊരു സമൂഹമാണ്. 25 തറക്കൂട്ട ങ്ങളുടെയും 5 അയൽക്കൂട്ടങ്ങളുടെയും പരിധിയിലൊ തുങ്ങാത്തതും ഗ്രാമസമൂഹത്തിന് ആവശ്യമായതുമായ കാര്യങ്ങളായിരിക്കും ഗ്രാമക്കൂട്ടങ്ങളിൽ ആലോചിച്ചു നടപ്പാക്കുക. ആരോഗ്യകേന്ദ്രങ്ങൾ, പ്രാഥമിക സ്കൂളുകൾ, വിനോദ-വിജ്ഞാന-പഠനകേന്ദ്രങ്ങൾ, വായനശാലകൾ, ലൈബ്രറി, പൊതു കൃഷി, വിപുലമായ ഉല്പന്നസംസ്കരണ-സംഭരണ-വിതരണ കേന്ദ്രങ്ങൾ, ഗതാഗതസംവിധാനം എന്നിങ്ങനെ വളരെയേറെ കാര്യങ്ങൾ, ഗ്രാമക്കൂട്ടയോഗങ്ങളുടെ തീരുമാനപ്രകാരം ഓരോ ഗ്രാമീണജനതയും കൈകോർത്തുനിന്ന് കൂട്ടായിനടത്തുന്നു. ഓരോ പദ്ധതിയുടെയും ആസൂത്രകരും ആവിഷ്ക്കർത്താക്കളും

നടത്തിപ്പുകാരും അവിടുത്തെ ജനങ്ങൾതന്നെ.

അഞ്ചു ഗ്രാമക്കൂട്ടങ്ങൾ ചേർന്നതാണ് പഞ്ചായത്തിലെ ഒരു വാർഡ് സമൂഹം. തറക്കൂട്ടയോഗങ്ങളിൽ മുതൽ ഗ്രാമക്കൂട്ട യോഗങ്ങളിൽ വരെ എല്ലാവർക്കും നേരിട്ടു സംബന്ധിക്കുവാൻ സാധിക്കുമെങ്കിൽ 1000-ലേറെ കുടുംബങ്ങളും 4000-ലേറെ അംഗങ്ങളും വരുന്ന വാർഡ് യോഗങ്ങളിൽ അത് അപ്രായോഗിക മായിത്തീരുന്നു. അതുകൊണ്ട്, തുടർന്നങ്ങോട്ട് പ്രതിനിധിയോഗ ങ്ങളായിരിക്കും ഉണ്ടാകുക. ഓരോ ഗ്രാമക്കൂട്ടത്തിൽനിന്നും ഒരു പ്രതിനിധിവച്ച് ആകെ അഞ്ചു പേരടങ്ങുന്ന ഈ പ്രതിനിധി യോഗത്തിന് 5 ഗ്രാമക്കൂട്ടായ്മകളിലെ പ്രവർത്തനങ്ങളുടെ ഏകോപ നവും, വാർഡുതലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച ശിപാർശകളിൽ നടപടി സ്വീകരിക്കലുമാവും മുഖ്യ ഉത്തരവാദിത്വം. 1000-നുമേൽ കുടുംബങ്ങൾ അധിവസിക്കുന്ന ഒരു വലിയ പ്രദേശത്തെ ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളുംതന്നെ വർഡുകമ്മിറ്റിയുടെ നേതൃത്വത്തിൽ, ഗ്രാമ-അയൽക്കൂട്ട-തറക്കൂട്ട സമൂഹങ്ങളുടെ സഹകരണത്തോടെ നിറവേറ്റപ്പെടുന്നു.

സമീപസ്ഥമായ അഞ്ചു വാർഡുസമൂഹങ്ങളെ കണ്ണി ചേർത്തുള്ള പഞ്ചായത്തുസമൂഹം 5000-ലേറെ കുടുംബങ്ങളുൾ ക്കൊള്ളുന്ന, താരതമ്യേന ഒരു വലിയ സമൂഹമാണ്. ഓരോ വാർഡ് സമൂഹവും ഓരോ പ്രതിനിധിയെ തിരഞ്ഞെടുത്ത് പഞ്ചായത്ത് സമിതിയിലേക്കയയ്ക്കുന്നു. ഈ അഞ്ചു പേരുടെ കമ്മിറ്റിയാണ്, 5 വാർഡുകളിൽനിന്നുള്ള പഞ്ചായത്തുതല നിർദ്ദേശങ്ങളെ ഏകോപിപ്പിക്കുകയും, വാർഡുകൾമുതൽ തറക്കൂട്ടങ്ങൾവരെയുള്ള കൂട്ടായ്മാസമൂഹങ്ങളുടെ സഹകരണത്തോടെ അവ നടപ്പാക്കാൻ നേതൃത്വം കൊടുക്കുകയും ചെയ്യുന്നത്.

5000-ത്തിനും 6000-ത്തിനുമിടയ്ക്ക് കുടുംബങ്ങളുൾപ്പെടുന്ന, 25000-ത്തോടടുത്ത് ആളുകളുള്ള വിപുലമായ പഞ്ചായത്തുസമൂഹം, കുടുംബബോധത്താൽ സജീവമായ 625 തറക്കൂട്ടങ്ങളുടെയും, അവരുടെ ഏകോപനംവഴി രൂപപ്പെട്ട 125 അയൽക്കൂട്ടങ്ങളുടെയും 25 ഗ്രാമക്കൂട്ടങ്ങളുടെയും കൂട്ടായ്മയാണെന്നോർക്കണം. ഈ കൂട്ടായ്മകൾ പ്രവർത്തനക്ഷമമാകുമെങ്കിൽ, ഗ്രാമക്കൂട്ടതലത്തിൽ ത്തന്നെ മിക്ക ജീവിതമേഖലകളിലും ഒരുവിധം സ്വയംപര്യാപ്തത

നേടിയിരിക്കും. വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും തങ്ങൾക്കാവശ്യമായിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ചു നൽകുന്ന നിർദ്ദേശങ്ങളും ശിപാർശകളും വാർഡ്-പഞ്ചായത്ത് തലങ്ങളിൽ ഏകോപിപ്പിച്ച് നടപ്പാക്കുന്നതോടെ, പഞ്ചായത്ത് ഏതാണ്ട് പൂർണ്ണമായിത്തന്നെ സ്വയംപര്യാപ്തസമൂഹമായിത്തീരുന്നു.

കേവലം ഭൗതികവും രാഷ്ട്രീയവുമായ തലങ്ങളിലാണ്, 'സ്വയംപര്യാപ്തത' എന്ന വാക്ക് ഇന്നു മനസ്സിലാക്കപ്പെടുന്നത്. എന്നാൽ, മനുഷ്യന് അതിനുമപ്പുറം സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ തലങ്ങളുണ്ട്. ആ തലങ്ങൾകൂടി തൃപ്തമാകുമ്പോൾ മാത്രമേ, ജീവിതത്തികവ് എന്ന സാഫല്യബോധം അവനു കൈവരൂ. ഈ എല്ലാതലങ്ങളിലും സ്വയംപര്യാപ്തത നേടാനുള്ള മുഴുവൻ സാധ്യതയുമാണ്, പുതിയ സമൂഹത്തിലെ ഒരു പഞ്ചായത്തുപോലും ഓരോ മനുഷ്യന്റെയും മുമ്പിൽ തുറന്നുവയ്ക്കുന്നത് (തുടരും)

ഫോൺ: 9497088904

---

# പരീക്ഷണ ജന്മം

ഒരു പരീക്ഷയിൽ ജയിച്ചുവെന്നാകിലും
വീണ്ടും വന്നീടും അടുത്ത പരീക്ഷകൾ
എത്ര പരീക്ഷയിൽ വിജയിയായി തീർന്നാലും
ജീവിത പരീക്ഷയ്ക്കൊരന്തവുമില്ലല്ലോ.
പരീക്ഷകളെല്ലാം തീരുന്നകാലത്ത്
ഈജന്മജീവിതം കഴിയുന്നകാലമായി.
എന്നാലുമെങ്ങിനെ ആശ്വസിച്ചീടും നാം
വീണ്ടും വരുന്നിതാ ജന്മ കർമ്മ പരീക്ഷകൾ.
ഈ ജന്മകർമ്മത്തിൻ ഫലത്തിന്നനുസൃത-
മായീടുമല്ലോ വരും ജന്മപരീക്ഷകൾ.
ഒരുമാർക്കിനെങ്കിലും കുറവുവന്നിടുകിൽ
ഇനിയും വരുന്നിതാ ജീവിതപരീക്ഷണം.
എന്നു പരീക്ഷകൾക്കന്ത്യമുണ്ടാകുമോ
അന്നുതീർന്നീടും ജനനവും മരണവും.

**സനൽകുമാർ 9605896925**

# യൂറോപ്പിന്റെ മനോഹാരിത – ശ്രീലാ സിജു

മഞ്ഞുമലകളും പച്ചപുൽമേടുകളും നീല തടാകങ്ങളും വിവിധ വർണ്ണത്തിലുള്ള ഇലകളുള്ള മരങ്ങളും അങ്ങനെ വൈവിധ്യങ്ങൾ അനേകം ഉള്ള സ്ഥലം. വശ്യമായ പ്രകൃതി സൗന്ദര്യം കൊണ്ട് ഏവരേയും ആകർഷിക്കുന്ന ഭൂമിയിലെ സ്വർഗ്ഗം.

ഞാനും സിജുചേട്ടനും മക്കളായ സാരംഗും (10), സാത്വികയും (3) അടങ്ങിയ ഞങ്ങളുടെ കുടുംബം ഒരാഴ്ച നീണ്ടുനിൽക്കുന്ന ഒരു യൂറോപ്യൻ യാത്രയെകുറിച്ച് പ്ലാൻ ചെയ്തപ്പോഴെ മനസ്സിലേക്ക് വന്ന രണ്ട് രാജ്യങ്ങൾ ആണ് പാരീസ്സും സ്വിറ്റ്സർലാന്റും. പിന്നെ കൂടുതൽ ഒന്നും ആലോചിച്ചില്ല. ഈ രണ്ട് രാജ്യങ്ങൾ കാണാം എന്ന തീരുമാനത്തിൽ ഞങ്ങൾ ദുബായിലെ ഫ്രാൻസ് കോൺസുലേറ്റിൽ വിസക്ക് അപേക്ഷിച്ചു. നാലു ദിവസത്തിനുള്ളിൽ വിസ ലഭിച്ചു. ഒരാഴ്ചത്തെ ടൂർ. മൂന്ന് ദിവസം പാരീസ്സിലും മൂന്ന് ദിവസം സ്വിറ്റ്സർലാന്റിലും. ഹോട്ടൽ, ഫ്ളൈറ്റ് ടിക്കറ്റ് യൂറോപ്പിൽ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കാൻ ആവശ്യമായ ട്രാവൽ പാസ്സ് തുടങ്ങി പ്രാരംഭനടപടികൾ എല്ലാം നേരത്തെ ഓൺലൈനായി പൂർത്തിയാക്കി. പരിമിതമായ സമയത്തിനുള്ളിൽ കാണാവുന്ന കാഴ്ചകൾ ഒന്നും വിട്ടുപോകാതെ കാണണം എന്ന ആഗ്രഹത്താൽ ഗൂഗിളിലും, യൂ ട്യൂബിലും നോക്കി സ്ഥലങ്ങളും അവിടേക്ക് എത്താനുള്ള മാർഗ്ഗങ്ങളും എല്ലാം മനസ്സിലാക്കി കുറിച്ചുവച്ചു.

കാത്തിരുന്ന ആ ദിവസം എത്തി. 21.03.2019 വ്യാഴാഴ്ച രാത്രി 10.30ന് ആണ് ഫ്ളൈറ്റ്. സുഹൃത്തിന്റെ കാറിൽ ദുബായ് എയർപോർട്ടിൽ എത്തി. സൗദി എയർലൈൻസിൽ ആണ് പോകുന്നത്  ആദ്യമായാണ് സൗദി എയർലൈൻസിന്റെ യാത്ര. ഓരോ സീറ്റിന് പുറകിലും സ്ക്രീൻ ഉണ്ട്. അത് കണ്ടപ്പോഴേ മക്കൾ ഹാപ്പി. കാർട്ടൂൺ കണ്ട് സീറ്റിൽ അടങ്ങിയിരിക്കുമല്ലോ. എന്ന സന്തോഷം ഞങ്ങൾക്കും. വളരെ സുഖകരമായ സീറ്റുകൾ, ഹെൽപ് ഫുൾ ആയ ക്യാബിൻ, ക്രൂ, സ്വാദിഷ്ടമായ ഭക്ഷണം, മലയാളം ഉൾപ്പടെ സിനിമകൾ, വിമാനത്തിനുള്ളിലെ വിനോദങ്ങൾ ഇതിൽപരം എന്തു വേണം. സിനിമയും കണ്ട് ആഹാരവും കഴിച്ച് യാത്ര ആസ്വദിച്ചിരുന്നു. രണ്ടു മണിക്കൂർ കൊണ്ട് സൗദിയിലെ റിയാദ് എയർപ്പോ

ർട്ടിൽ എത്തി. പാരീസിലേക്കുള്ള അടുത്ത ഫ്ളൈറ്റിനായി രണ്ടര മണിക്കൂർ കാത്തിരിക്കണം. കൃത്യസമയത്തുതന്നെ ഫ്ളൈറ്റ് ടേക്ക് ഓഫ് ചെയ്തു. ഇനി 7 മണിക്കൂർ യാത്ര ചെയ്യണം. പാരീസിലേക്ക് വിമാനത്തിൽ ഭൂരിഭാഗവും യൂറോപ്യൻസ് ആണ്. ഭക്ഷണവും കഴിച്ച് സിനിമയും കണ്ടിരിക്കെ എപ്പോഴോ ഒന്ന് മയങ്ങി. ബ്രേക്ക് ഫാസ്റ്റ് കൊണ്ടുവന്ന ക്യാബിൻ ക്രൂ തട്ടി വിളിച്ചപ്പോഴാണ് ഉണർന്നത്. ഞാൻ നേരത്തെ വെജിറ്റേറിയൻ ഓപ്ഷൻ ബുക്ക് ചെയ്തിരുന്നു. കുറേ ഏറേ വിഭവങ്ങൾ. ഭക്ഷണം ആസ്വദിച്ചു കഴിച്ചുകഴിഞ്ഞതും ഫ്ളൈറ്റ് ലാൻഡ് ചെയ്യാറായി എന്ന് അനൗൺസ്മെന്റ് മുഴങ്ങി. മൂടൽമഞ്ഞിന് മുകളിലൂടെ ഇളം ചുവപ്പ് നിറം വിതറിനിന്ന പ്രഭാത സൂര്യൻ ഒരു ദൃശ്യവിരുന്നൊരുക്കി. മൂടൽ മഞ്ഞിന്റെ ഇടയിലൂടെയും അങ്ങകലെ ഈഫൽ ടവർ ആ രാജ്യത്തിന്റെ അഭിമാനം ആയി നിൽപ്പുണ്ടായി രുന്നു. അങ്ങനെ ഞങ്ങൾ പാരീസിലെ ഷാൾ ഡെ ഗൂൾ വിമാന ത്താവളത്തിൽ ലാൻഡ് ചെയ്തു.

നല്ല തണുപ്പാണ്. കൈയ്യിൽ കരുതിയിരുന്ന കമ്പിളി വസ്ത്ര ങ്ങൾ എടുത്തണിഞ്ഞു ഞങ്ങൾ ഫ്ളൈറ്റിൽ നിന്നും പുറത്തേക്കി റങ്ങി. ദുബായിയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ ചെറിയ എയർപോർട്ടാണ്. ഒട്ടും ആകർഷണീയമായി തോന്നിയില്ല. പാരീ സിൽ സമയം രാവിലെ 7 മണി. ഞങ്ങൾ ബുക്ക് ചെയ്ത ഹോട്ടലി ലേക്ക് 42 കിലോമീറ്റർ യാത്ര ചെയ്യണം. എയർപോർട്ടിൽ നിന്നും ട്രെയിൻ കയറി പിന്നീട് ഒരു ബസ്സിൽ കയറിയാൽ ഞങ്ങൾക്ക് എത്തേണ്ട ഹോട്ടലിന് മുൻപിൽ ഇറങ്ങാം. ട്രെയിനിന്റെയും, ബസിന്റെയും നമ്പറും ഇറങ്ങേണ്ട സ്റ്റോപ്പും ഒക്കെ നേരത്തെ നോക്കി മനസ്സിലാക്കി വെച്ചിട്ടുണ്ട്. യാത്ര തുടരണമെങ്കിൽ ആദ്യം ട്രാവൽ പാസ് എടുക്കണം. അതിന്റെ ഓഫീസിലേക്കാണ് ആദ്യം പോയത്. എല്ലാവരുടേയും ഡീറ്റയിൽസ് കൊടുത്ത് പാസ് എടു ത്തു. മൂന്ന് ദിവസത്തേക്കുള്ള പാസ് ആണ് എടുത്തത്. മൂന്ന് വയ സ്സുള്ള മകൾക്ക് പാസ് ആവശ്യമില്ല. നാല് വയസ്സ് മുതലേ പാസ് ആവശ്യമുള്ളു. ഈ പാസ് കാണിച്ചാൽ ബസ്, ട്രെയിൻ, മെട്രോ, ട്രാം തുടങ്ങിയ പൊതുഗതാഗത സംവിധാനങ്ങളിൽ എല്ലാം യഥേഷ്ടം യാത്ര ചെയ്യാം. പാസ് വാങ്ങി ഒന്ന് ഫ്രഷായി സ്നാക്സ് കഴിച്ചു. ഇനി ട്രെയിൻ സ്റ്റേഷനിലേക്കാണ് പോകേണ്ടത്. എയർ പോർട്ടിൽ ഫ്രീ വൈഫൈ കിട്ടുന്നുണ്ട്. ഗൂഗിൾ മാപ്പ് ഓൺ ചെയ്തു

പോവേണ്ട റൂട്ടിലേക്കുള്ള ട്രെയിൻ സമയം നോക്കി. ഉടനെ തന്നെ ട്രെയിൻ ഉണ്ട്. വേഗം നടന്നു ട്രെയിനിൽ കയറി പെട്ടികൾ എല്ലാം ഒതുക്കി വെച്ച് സുഖമായി ഇരുന്നു. ട്രെയിൻ കടന്നുപോകുന്ന സ്റ്റോപ്പുകളുടെ പേരുകൾ സൈഡിൽ എഴുതിവെച്ചിട്ടുണ്ട്. അവയ്ക്കിടയിൽ തെളിയുന്ന ലൈറ്റിൽ നിന്നും ട്രെയിൻ ഇപ്പോൾ ഏത് സ്റ്റേഷനിൽ ആണ് നിൽക്കുന്നതെന്ന് മനസ്സിലാക്കാം. കൂടാതെ അനൗൺസ്മെന്റും ഉണ്ട്. കാര്യങ്ങൾ ഒക്കെ നോക്കി മനസ്സിലാക്കി ഞങ്ങൾക്ക് ഇറങ്ങേണ്ട സ്റ്റേഷൻ എത്താൻ ഇനിയും ധാരാളം സമയമുണ്ട്. പാരീസിലെ പുതുമയാർന്ന കാഴ്ചകൾ കാണാൻ കൗതുകത്തോടെ പുറത്തേക്ക് നോക്കിയപ്പോൾ ഒരു ഞെട്ടൽ തോന്നി. ഇതാണോ ഈശ്വരാ പാരീസ്. നമ്മുടെ നാട്ടിലെ അതേ റയിൽവേ സ്റ്റേഷൻ. അതേ റയിൽ പാളം. ഇരു വശവും കാണുന്ന കാഴ്ചകൾപോലും സമാനം. പൊട്ടിപ്പൊളിഞ്ഞ ചെറിയ കെട്ടിടവും പായൽ പിടിച്ച പരസ്യങ്ങൾ എഴുതിവെച്ച മതിലുകളും കെട്ടിടങ്ങളുടെ മാതൃകയിൽ മാത്രം വ്യത്യാസം. മക്കൾ നല്ല ഉറക്കം. നിരാശയോടെ ഞങ്ങൾ പുറത്തേക്ക് നോക്കിയിരുന്നു. പതിയെപ്പതിയെ കാഴ്ചകൾ മാറിതുടങ്ങി. പച്ചപുൽ മേടുകൾ ദൃശ്യമായി യാത്ര കൂടുതൽ മനോഹരവും ആസ്വാദ്യകരവും ആയി. സ്റ്റേഷനിൽ ഇറങ്ങി അല്പം നടന്നു ബസ് സ്റ്റോപ്പിൽ എത്തി. ഞങ്ങൾക്ക് പോകേണ്ട ബസ് എത്തിയിട്ടുണ്ട്. ലഗേജുമായി ബസ് യാത്ര പറ്റുമോ എന്ന ആശങ്ക ഉണ്ടായിരുന്നു. നമ്മുടെ നാട്ടിലെ ലോഫ്ളോർ പോലെയുള്ള വണ്ടി ആണ് ആളുകൾക്ക് കയറാനും ഇറങ്ങാനും മുൻഭാഗത്ത് ചെറിയ ഡോർ ഉണ്ട്. അതുകൂടാതെ വീൽചെയർ, ബേബി സ്ട്രോളർ ഇവ കയറ്റാൻ സൗകര്യത്തിന് സ്ലൈഡിങ്ങ് ഡോർ മധ്യഭാഗത്ത് ഉണ്ട്. ബസിനുള്ളിലൂടെ ലഗേജ് കൊണ്ടുപോകാവുന്ന രീതിയിൽ ഇരുവശങ്ങളിലുമായാണ് സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. സ്റ്റോപ്പുകളുടെ വിവരങ്ങൾ ബസ്സിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾക്ക് ഇറങ്ങേണ്ടത് ലാസ്റ്റ് സ്റ്റോപ്പിലാണ്. ബസ്സ് നീങ്ങി തുടങ്ങി ഇവിടെ ബസ്സുകൾക്ക് നമ്പറാണ്. അരമണിക്കുറോളം ബസ്സ് യാത്ര ഉണ്ട്. ദുബായിലെ അത്യാധുനിക സൗകര്യങ്ങളുടെ മായാലോകത്ത് ജീവിക്കുന്നത് കൊണ്ടാവാം ഇവിടുത്തെ കാഴ്ചകളും റോഡുകളും വാഹനങ്ങളും ഒന്നും അത്ര രസിച്ചില്ല. നമ്മുടെ നാട്ടിലേതു പോലെയുള്ള റോഡുകൾ ഇരു ദിശയിലേക്കും വാഹനങ്ങൾ ഓടുന്നു. റോഡിൽ

വാഹനങ്ങൾ വളരെകുറവാണ്. ബസ്സുകളും ട്രാമുകളും റോഡിൽ സജീവമാണ്. ദുബായിൽ 8 ലൈൽ റോഡുകൾ വരെ ഉണ്ടായിട്ടും ട്രാഫിക് ബ്ലോക്ക് ഉണ്ടാവുന്നു. ഇവിടെ സിംഗിൾ ലൈൻ റോഡ് ആയിട്ട്പോലും തിരക്കേഇല്ല. അത്ഭുതം തന്നെ. 11.30 കഴിഞ്ഞപ്പോൾ ഞങ്ങൾ ഹോട്ടലിന് മുൻപിലെ സ്റ്റോപ്പിൽ എത്തി. യാത്രയിൽ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. ഗൂഗിൾ മാപ്പ് നോക്കി എല്ലാം മനസ്സിലാക്കി വെച്ചിരുന്നതിനാൽ ഒരു എക്സ്പീരിയൻസ്ഡ് ഗൈഡ് കൂടെയുള്ളത് പോലെയുള്ള ധൈര്യമായിരുന്നു ഞങ്ങൾക്ക്.

ഹോട്ടൽ എത്തി. ഭംഗിയുള്ള സ്ഥലം. മനോഹരമായി ഒരുക്കിയ ഹോട്ടൽ റും. ഇനി മൂന്ന് രാത്രികൾ ഞങ്ങൾ ഇവിടെയാണ്. യാത്രാക്ഷീണം ഒന്നും തോന്നിയില്ല. അൽപം വിശ്രമിച്ച ശേഷം ഞങ്ങൾ പാരീസ് കാഴ്ചകൾ കാണാനായി ഇറങ്ങി. പാരീസിൽ ഏറ്റവും പ്രശസ്തം ഈഫൽ ടവർ ആണല്ലോ ? കാഴ്ചകൾ അവിടെ നിന്ന് തന്നെ തുടങ്ങാം എന്ന് കരുതി ഇറങ്ങി.

ഹോട്ടലിന്റെ ഫ്രണ്ടിൽ ഉള്ള ബസ്സ്റ്റോപ്പിൽ നിന്ന് അവിടേക്ക് ബസ് ഇല്ല. അൽപം ദൂരം നടന്നു മറ്റൊരു സ്റ്റോപ്പിൽ എത്തി. അവിടെ നിന്ന് ട്രാമിൽ കയറി മെട്രോ സ്റ്റേഷനിൽ എത്തണം. ആദ്യത്തെ ട്രാം യാത്ര. ഇരു വശങ്ങളിലേക്കും വാഹനങ്ങൾ ഓടുന്നു. അതിനു നടുവിലൂടെയാണ് ട്രാം ഓടുന്നത്. യാത്ര വളരെ സുഖകരമാണ്. ഡിജിറ്റൽ ബോർഡുകളും അനൗൺസ്മെന്റുകളും സ്റ്റോപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകികൊണ്ടിരുന്നു. ഒട്ടും തിരക്കില്ലാത്ത സുഖകരമായ യാത്ര. പുറത്ത് മനോഹരമായ കാഴ്ചകളും. ട്രാമിൽ നിന്ന് ഇറങ്ങി മെട്രോയിൽ കയറി ഈഫൽ ടവറിലേക്കുള്ള യാത്ര തുടർന്നു. മെട്രോ സ്റ്റേഷനിൽ ഇറങ്ങി കുറേ ദൂരം നടക്കേണ്ടി വന്നു. പോകുന്ന വഴിയിൽ ലെസ് ഇൻ വാലിഡ്സ് എന്ന സ്വർണ്ണവർണ്ണമാർന്ന കൂറ്റൻ കെട്ടിടസമുച്ചയം കാണുവാനിടയായി. അൽപനേരം അതിന്റെ മുന്നിൽ നിന്ന് ചിത്രങ്ങൾ പകർത്തിയ ശേഷം ഈഫൽ ടവർ ലക്ഷ്യമാക്കിയുള്ള യാത്ര തുടർന്നു. ഇടയ്ക്ക് ഒരു കടയിൽ കയറി കുറച്ച് ജ്യൂസ് ഒക്കെ വാങ്ങി. വീണ്ടും നടപ്പ് തുടർന്നു. ഇത്ര ദൂരം നടക്കേണ്ടി വരുമെന്ന് പ്രതീക്ഷിച്ചതേയില്ല. നടന്നിട്ടും നടന്നിട്ടും ഈഫൽ ടവറിന്റെ പൊടി പോലും കാണാനില്ല. നടപ്പാതയുടെ ഇരുവശങ്ങളിലും ധാരാളം

വൈൻഷോപ്പുകളും ബേക്കറികളും ആർട്ട് ഗ്യാലറി ഷോപ്പുകളും കാണാൻ കഴിഞ്ഞു. വിനോദസഞ്ചാരികളിൽ പലരും ഈ വഴിയോര ഭക്ഷണശാലകളിൽ ലഹരി നുണഞ്ഞ് ഇരിപ്പാണ്. ഇവയൊക്കെ പിന്നിട്ട് നടന്ന് നടന്ന് ഞങ്ങൾ ഒടുവിൽ ഈഫൽ ടവറിന്റെ മുന്നിൽ എത്തി. ഞങ്ങൾ പരസ്പരം നോക്കി. ചിരിക്കണോ കരയണോ എന്നറിയാത്ത അവസ്ഥ. കുറേ ഇരുമ്പു കമ്പികൾ പ്രത്യേകരീതി യിൽ വളച്ചുകെട്ടി ഉണ്ടാക്കിയിരിക്കുന്ന ഒരു ടവർ അതിൽ കവിഞ്ഞ് ഒന്നും തോന്നിയില്ല. ഒരു ചെറിയ പൂന്തോട്ടത്തിന് നടുവിൽ ആണ് ടവർ. പൂന്തോട്ടവും ഒട്ടും ആകർഷണീയമായി തോന്നിയില്ല. ബുർജ് ഖലീഫയും അതിന്റെ താഴെയുള്ള ഡാൻസിങ്ങ് ഫൗണ്ടനും പലത വണ കണ്ടിട്ടുള്ളവർക്ക് ഈ ഇരുമ്പുകമ്പി കൊണ്ടുണ്ടാക്കിയ ഗോപുരം എങ്ങനെ രസിക്കും. ഈഫൽ ടവറിന്റെ അടിയിലെ ബെഞ്ചിൽപോയി മേലോട്ടുനോക്കി കുറേ നേരം ഇരുന്നു. നിരാശ യിൽ ടിക്കറ്റ് എടുത്ത് മുകളിൽ കയറാൻ ഉള്ള ആഗ്രഹവും ഉപേ ക്ഷിച്ചു. കുറേ നേരം അവിടെ കറങ്ങി നടന്നു. ഫോട്ടോസ് എടുത്തു. കുറച്ച് താറാവുകൾ അവിടെ നടക്കുന്നുണ്ട്. മക്കൾ അവയുടെ പുറകെ നടപ്പായി. ഈഫൽ ടവറിന് മുകളിൽ കയറാൻ ടിക്കറ്റ് കൗണ്ട റിൽ നല്ല തിരക്കുണ്ട്. ആളുകൾ എന്ത് കാണാനാണ് ഇത്ര നേരം ക്യൂ നിൽക്കുന്നത് എന്ന് എനിക്ക് മനസ്സിലായില്ല. നേരം സന്ധ്യ യായി തുടങ്ങി. ഈഫൽ ടവറിന്റെ ഇരുമ്പ് കമ്പികളിൽ സ്വർണ്ണനി റത്തിലുള്ള ലൈറ്റുകൾ തെളിഞ്ഞു. തുടങ്ങി. ഏവരുടെയും ശ്രദ്ധ അവിടേക്കായി ഇരുൾ വ്യാപിക്കും തോറും ഈഫൽ ടവർ കൂടു തൽ മനോഹരമായി തോന്നി തുടങ്ങി. അത്രയും നേരം മനസ്സിൽ തോന്നിയ എല്ലാ ആശങ്കകളേയും ദൂരീകരിച്ചുകൊണ്ട് ചുറ്റുപാടും സ്വർണ്ണപ്രഭ തൂകി ഒരു മഹാത്ഭുതം പോലെ തോന്നി. എത്ര കണ്ടാലും മതി വരാത്തത്ര മനോഹരമായ കാഴ്ച. തുരുമ്പിച്ച ഇരുമ്പ് കമ്പികളൊക്കെ ഇപ്പോൾ സ്വർണ്ണവർണ്ണം ആയി മാറിയിരിക്കുന്നു. നക്ഷത്രങ്ങളെപോലെ കൺചിമ്മുന്ന അനേകം സ്വർണ്ണവർണ്ണദീപ ങ്ങൾ. കാഴ്ചക്കാരുടെ എല്ലാം കണ്ണിനു കുളിർമ പകർന്നു കൊണ്ട് ഒരു വലിയ ദീപകാഴ്ച ഒരുക്കി അതങ്ങനെ ആകാശം മുട്ടെ ഉയര ത്തിൽ തലയെടുപ്പോടെ നിൽക്കുന്നു. രാത്രിയായി ഹോട്ടൽ റൂമി ലേക്ക് തിരികെ പോകണം. പിന്നിടുന്ന വഴിയിലുടനീളം ടവറിനെ തിരിഞ്ഞുനോക്കി നടന്നു. ഒന്നും വസ്തുനിഷ്ടമായി മനസ്സിലാ

ക്കാതെ വിധിക്കരുതെന്നന്ന പാഠം ഈഫൽ ടവറിൽ നിന്നും പഠിച്ചു.

സിം എടുക്കാത്തതിനാൽ നെറ്റ് കിട്ടുന്നില്ല. മെട്രോ സ്റ്റേഷൻ ദൂരെ ആയതിനാൽ ട്രെയിനിൽ പോകാമെന്ന് കരുതി. ഒരാളോട് വഴി ചോദിച്ചു, ഫ്രഞ്ച് അല്ലാതെ അയാൾക്ക് മറ്റൊരു ഭാഷയും അറിയില്ല. അദ്ദേഹം ആഗ്യഭാഷയിൽ പറഞ്ഞുതന്നതനുസരിച്ച് ഞങ്ങൾ നടന്നു. ഇനിയും ഒരുപാട് ദൂരം നടക്കണം. നല്ല ക്ഷീണം ഉണ്ട്. നടന്ന് നടന്ന് ഒരു പാലത്തിൽ എത്തി. വഴിതെറ്റി ആണെങ്കിലും എത്തിപ്പെട്ടത് കാണാൻ ആഗ്രഹിച്ച സ്ഥലത്തുതന്നെ. ലൗ ലോക്ക് ബ്രിഡ്ജ്. ഇവിടെ നിന്ന് നോക്കിയാൽ ഈഫൽ ടവർ നന്നായി കാണാം. ഈഫൽ ടവറിനെ സാക്ഷിയാക്കി ഈ പാലത്തിന്റെ കൈവരിയിൽ പ്രണയിതാക്കൾ അവരുടെ പേരുകൾ ആലേഖനം ചെയ്തു താഴ് ഇടാറുണ്ട്. താഴ് ലോക്ക് ചെയ്തിട്ട് താക്കോൽ നദിയിൽ കളയും. ഞങ്ങളും ലോക്ക് ചെയ്യാനായി താഴ് വാങ്ങിയിരുന്നു. പേരൊക്കെ എഴുതി ഭദ്രമായി റൂമിൽ വെച്ചിട്ടുണ്ട്. ഇന്ന് ഇവിടെ എത്തിപ്പെടും എന്ന് പ്രതീക്ഷിച്ചില്ലല്ലോ. ഏതായാലും സ്ഥലം കണ്ടുപിടിച്ചല്ലോ. നാളെ വന്ന് ആ ചടങ്ങ് അങ്ങ് നടത്തി കളയാം എന്ന് വിചാരിച്ചു. നല്ല തണുത്ത കാറ്റും നദിയിലൂടെ പോകുന്ന അലങ്കാര നൗകകളും ക്രൂയിസ് ബോട്ടുകളും ഈഫൽ ടവറിന്റെ ഭംഗിയും ഒക്കെ ആസ്വദിച്ച് കുറേനേരം അവിടെ നിന്നു. അൽപം കൂടി നടന്ന് മെട്രോയിൽ കയറി ഇടയ്ക്ക് ഇറങ്ങി ട്രാമിൽ കയറി ഹോട്ടലിന് അടുത്ത് ഇറങ്ങി. താമസിക്കുന്ന ഹോട്ടലിന്റെ അടുത്തുതന്നെ കെ.എഫ്.സി ഉണ്ട് അവിടെ ആയിരുന്നു രാത്രി ഭക്ഷണം. അങ്ങനെ ഒന്നാം ദിവസം സമാപ്തം.

*(മകൾ ദുബൈയിൽനിന്നും അയച്ചുതന്ന യാത്രാവിവരണം)*

## പൊതുവിവരങ്ങൾ

**1. കൊടും ക്രൂരത–** രാവിലെ പത്രം എടുത്ത് നോക്കാൻ പേടിയാണ്. നാട്ടിലെ സംഭവങ്ങൾ വായിച്ചാൽ ടെൻഷനും ദുഃഖവും തന്നെയാകും ഫലം. ലോകത്ത് ഒരു ജന്തുവും കാണിക്കാത്ത തരം ക്രൂരതകൾ, പീഡനങ്ങൾ പിടിച്ചുപറി, കൊലപാതകങ്ങൾ, ഗുണ്ടാവിളയാട്ടം, തീവ്രവാദം, ഭരണകൂട ഭീകരത പ്രകൃതിദുരന്തങ്ങൾ പിന്നെ കുറച്ച് രാഷ്ട്രീയവും, വാർത്തകളും, പരസ്യവും ചേർന്നാൽ

പത്രമാകും. ശുഭകരമായ വാർത്തകൾ ഒരു മനുഷ്യനെ നേരായ വഴിക്ക് നയിക്കും പോലെ അശുഭകരമായ വാർത്തകൾ മനുഷ്യനെ വഴിതെറ്റിക്കും. എല്ലാംകൂടി നാട് ഭീകരാന്തരീക്ഷത്തിലാണ്. എങ്ങ നെരക്ഷപ്പെടും.

ഇവിടെ എഴുതാൻ ഒന്നും ഇല്ല. നിരാശയും കുറ്റപ്പെടുത്ത ലും ഒന്നിനും പരിഹാരമാകുന്നില്ല. നമ്മുടെയൊക്കെ ജീവിതമാകട്ടെ ഇതിന്റെ മറുപടി. ഇരുട്ടിനെ തുരത്താൻ പ്രകാശത്തിന് മാത്രമേ കഴിയൂ. അഹങ്കാരം കൊണ്ടും അറിവില്ലായ്മ കൊണ്ടും ഇരുട്ട് ബാധി ച്ചിരിക്കുന്ന നമ്മുടെ മനസ്സിൽ ആത്മബോധത്തിന്റെ വെളിച്ചം ഉണ്ടാ കണം. കർമ്മവും ധ്യാനവും കൊണ്ട് പ്രശ്നങ്ങളെ നേരിടുക. മനു ഷ്യന്റെ എല്ലാ പരിമിതികൾക്കും അപ്പുറമാണ് പ്രപഞ്ചശക്തി. അതിനെ സ്വാംശീകരിച്ചുകൊണ്ട് എല്ലാവരോടും കാരുണ്യപൂർവ്വം പെരുമാറുക. സേവനം ചെയ്യുവാൻ കിട്ടുന്ന അവസരം പ്രയോജ നപ്പെടുത്തുക. നമ്മുടെ കഴിവിന് അപ്പുറമുള്ള കാര്യങ്ങൾ ഓർത്തു ദുഖിക്കുന്നതിലും ഭേദം കഴിയുന്ന ചെറിയകാര്യങ്ങൾ ചെയ്യുക എന്നതാണ്. അടുത്ത വീട്ടിലേക്ക് വഴി ചോദിച്ചുവരുന്നവരെ കഴി യുമെങ്കിൽ അവിടെ കൊണ്ട് ആക്കുക. പ്രാഥമിക ആവശ്യങ്ങളു മായി വരുന്ന ആളുകൾക്ക് ഉടനടി സൗകര്യം കൊടുക്കുക. ഒരു ലക്ഷം രൂപ കടം കൊടുക്കാനില്ലെങ്കിൽ വേണ്ട. നല്ല വാക്ക് പറയു ക. കഴിവത് ചെയ്യുക. മാളത്തിൽ ഒളിച്ചിട്ട് കുറ്റപ്പെടുത്തുവാൻ മാത്രം തല പുറത്തിടുന്നത് വെറുതെ ആണ്.

അച്ഛൻ മുറ്റത്തിരുന്നു പുല്ല് പറിക്കുന്നതും വീടുകളിൽ കയറി പരസ്പരാനന്ദ ജീവിതത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനു പിന്നിൽ ഭൂമി ഒരു ആനന്ദ ഗോളമാകട്ടെ എന്ന സങ്കൽപ്പം ഉണ്ട്. ഇപ്പോൾ പുരയ്ക്ക് തീ പിടിച്ചിരിക്കുന്ന സമയം ആണ്. ഒട്ടും സമയം കളയാതെ തീ അണയ്ക്കാൻ ശ്രമിക്കുക. സത്യധർമ്മാദികൾ നമ്മുടെ ഉള്ളിൽ ജ്വലി ച്ചുനിന്നാൽ ഒന്നും ഭയപ്പെടേണ്ടതില്ല. തീ അണയ്ക്കാം മാനുഷിക ധ്യാനവും ജൈവാർച്ചനയും കൊണ്ട് സുന്ദരമായ ഒരു ഭൂമിയെ സ്വപ്നം കണ്ട് ആവും വിധം പരിശ്രമിക്കാം.

2. **വിപഞ്ചിക–** തുറവൂർ വിജയനാഥ് സാർ സംഘടിപ്പിച്ച കുട്ടികളുടെ കൂട്ടായ്മയിൽ പങ്കെടുക്കുവാൻ പാട്ടുകുളങ്ങരയിൽ പോയിരുന്നു. അവരുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക് കലയും

സംസ്ക്കാരവും പകർന്നുകൊടുക്കുകയാണ് സാറിന്റെ ലക്ഷ്യം പത്ത് ദിവസത്തെ ക്ലാസ്സിൽ ഒരു ദിവസം ദർശനം വിശദീകരണത്തിനായി പോയിരിന്നു. എല്ലാ ദിവസവും മാനുഷിക ധ്യാനത്തോടെയാണ് തുടക്കം. ഇവരുടെയൊക്കെ വീട്ടിൽപോയി മൈത്രീഭാവനയുടെ വിത്ത് വിതച്ചതിനാൽ ആണ് ഇത്രയും കുട്ടികൾ ഇവിടെ എത്തിയിരിക്കുന്നത്. കുട്ടികളോട് നെൽകൃഷിയെക്കുറിച്ച് പറഞ്ഞു. വിതച്ചതുകൊണ്ട് മാത്രം വിളവ് കിട്ടുകയില്ല. കളകൾ താനെ വളർന്ന് നെല്ല് നശിപ്പിക്കും. അവ പിഴുത് കളയണം. എന്നിട്ട് വളം ഇടണം. നിങ്ങളുടെ മനസ്സാണ് കൃഷിസ്ഥലം. എന്ന് കരുതി നല്ല ചിന്തകളെ വളർത്തുക. ജീവിത വിജയം ഉണ്ടാകും. വീട്ടിലെ ആപ്പിൾ ചെറിയിൽ നിന്നും കൊണ്ടുവന്ന പഴങ്ങൾ കുട്ടികൾ തന്നെ വിതരണം ചെയ്തു. കഥകൾ ഒക്കെ പറഞ്ഞിട്ട് ചില നിർദ്ദേശങ്ങൾ കൊടുത്തു. നന്മയുടെ അതിർത്തി ലംഘിച്ച് തെറ്റിലേക്ക് പോകരുത്. പ്രയത്നം കൊണ്ട് മാത്രമേ പുരോഗതി ഉണ്ടാകൂ. സത്യത്തിൽ ഉറച്ച വിശ്വാസവും സഹായ മനസ്ഥിതിയും ഉണ്ടെങ്കിൽ ജീവിത വിജയമായി. നല്ല കർമ്മങ്ങൾ ചെയ്തു ഭൂമി സ്വർഗ്ഗമാക്കാൻ പരിശ്രമിക്കുക, എപ്പോഴും സന്തോഷമായിരിക്കുക. ജീവിതമൂല്യങ്ങൾ സംരക്ഷിക്കുക അതാണ് നമുക്ക് മനോബലം തരുന്നത്. വിജയനാഥ് സാറിന്റെ അവലോകനത്തോടെ ക്ലാസ്സ് അന്നത്തേക്ക് പിരിഞ്ഞു.

**3. ശ്രീ. ചന്ദ്രൻ പുറക്കാടിന് ഓർമ്മക്കുറവ്** – കഴിഞ്ഞ ലക്കം ദർശനം കൊടുക്കുവാൻ പോയപ്പോൾ ചേട്ടൻ പറഞ്ഞു ദർശനം കാണുന്നത് തന്നെ സന്തോഷമാണ്. കുറുപ്പ് സാർ മനസ്സിൽ തെളിഞ്ഞുവരും. എനിക്ക് ഈയിടെ വലിയ മറവിയാണ്. ദർശനം യോഗങ്ങൾ ഉണ്ടെങ്കിൽ ഒന്ന് വിളിച്ച് പറയണം. ഇല്ലെങ്കിൽ ഞാൻ അങ്ങ് മറന്നുപോകും. 82-ാം വയസ്സിലും ചേട്ടന് യോഗങ്ങളിൽ പങ്കെടുക്കണമെന്നുണ്ടല്ലോ. അത് മതിയെന്നു ഞാനും പറഞ്ഞു. ചേട്ടന്റെ സംഭാഷണത്തിൽ ദർശനവും അമ്പലപ്പുഴ കണ്ണനും നിറഞ്ഞു നിന്നു. അന്ന് രാത്രി തന്നെ ചേട്ടന്റെ വിളി വന്നു. ദർശനം മുഴുവൻ വായിച്ചിട്ട് കൃത്യമായ വിലയിരുത്തലാണ് നടത്തിയത്. അച്ഛന്റെ ലേഖനം കാലാനുസൃതമാണെന്നും മഹാത്മജിയുടെ ലേഖനത്തിലെ ദീർഘവീക്ഷണവും, ശബരിമല വിഷയവും, സനലിന്റെ കവിതയും എല്ലാം ചേട്ടന് പ്രിയങ്കരമായി. പിന്നെ എവിടെയാണ് ചേട്ടന്റെ മറവി. വാർദ്ധക്യം ഏറി വരുമ്പോൾ യൗവനത്തോട് വിട പറയണം.

ലൗകിക ചിന്തകളും ഭൗതിക കാര്യങ്ങളും കുറഞ്ഞ് ആത്മീയത ഉള്ളിൽ തെളിഞ്ഞുവരണം. തേങ്ങ ഉണങ്ങി അതിലെ വെള്ളം വറ്റുമ്പോൾ ചിരട്ടയിൽ നിന്നും അതിന്റെ കാമ്പ് സ്വയം അടർന്ന് മാറി ദൃഢമാകും. മനുഷ്യനു പ്രായമേറുമ്പോൾ നാനാവിധമായ ലോക പ്രശ്നങ്ങളിൽ കുടുങ്ങാതെ ജീവിതമൂല്യങ്ങളിലേക്ക് മനസ്സ് തിരിയണം. അപ്പോൾ ഇവിടുത്തെ രാഷ്ട്രീയ സാഹചര്യങ്ങളോ പാസ്സ്ബുക്കിലെ പൈസയോ റേഷൻ വാങ്ങിയോ എന്നൊക്കെ മറന്നുപോയെന്നു വരാം. ഇതെല്ലാം ഓർത്തുവെച്ചിട്ട് ഇപ്പോൾ കാര്യമൊന്നുമില്ല. വേണ്ടാത്തതൊക്കെ കൊഴിഞ്ഞുപോകണം വേണ്ടതെല്ലാം തെളിഞ്ഞുവരണം. അമ്പലപ്പുഴ കണ്ണൻ അവിടെ തെളിഞ്ഞ് നിൽക്കട്ടെ. കണ്ണനെകുറിച്ച് എഴുതിയ ചേട്ടന്റെ പാട്ടുകളുണ്ട്, കൂട്ടുകാരായ കവികളുണ്ട്, കുടുംബമുണ്ട്, ദർശനമുണ്ട് അതുപോരെ.ഒരു പർവ്വതാരോഹണം നടത്തുമ്പോൾ അനാവശ്യമായ ലഗേജുകൾ ഒഴിവാക്കി അത്യാവശ്യമായവ കൈയിലെടുത്താൽ മതി. വെറുതെ ഭൂതകാലവും ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠയും ചുമക്കേണ്ട ഇതൊക്കെ കേട്ട് ചേട്ടൻ പറഞ്ഞു. മഹാത്മജിയുടെ സബർമതി ആശ്രമത്തിൽ പോയ സ്മരണകൾ ഒന്ന് കുറിക്കണമെന്നുണ്ട്. ഉത്താരാഖണ്ഡ് ദർശനം എഴുതിയതുപോലെ അങ്ങോട്ട് പറ്റുന്നില്ല. സാരമില്ല സാവകാശം തുടങ്ങുക. സൗപർണികാ തീർത്ഥത്തെകുറിച്ച് ചേട്ടൻ എഴുതിയിട്ടുണ്ടല്ലോ. കവികളുടെ സഞ്ചാരപഥത്തിലൂടെ എന്നും രാവിലെ അവിടെ കുളിച്ച് മൂകാംബികയെ തൊഴാം. ഇടയ്ക്ക് കുടജാദ്രീ കൊടുമുടിയിൽ കയറി ശങ്കരപീഠത്തിൽ ദർശനം ചെയ്യാം. സമയം കിട്ടുമ്പോൾ ദർശനം പരിപാടിയിലും പങ്കെടുക്കാം അല്ലാതെ ഈ ഓർമക്കുറവിന് മരുന്നൊന്നും വേണ്ട അത് കഴിക്കാൻ തുടങ്ങിയാൽ പിന്നെ ഗുളിക കഴിക്കാനും മറന്നുപോകും. എന്നൊക്കെ പറഞ്ഞു തിരിച്ചുപോന്നു.

ദിവസങ്ങൾ കഴിഞ്ഞു ചേട്ടൻ ഇടയ്ക്ക് വരാറുണ്ടെങ്കിലും കാണാത്തതിനാൽ ലതയുമായി ചേട്ടന്റെ വീട്ടിൽ പോയി. ചേട്ടന്റെ മകൾ സിന്ധുവും ഭർത്താവ് രഞ്ജിത്തും ദർശനം വായനക്കാരാണ്. രഞ്ജിത്തിന്റെ അമ്മ വസുമതി അമ്മയും ഞങ്ങളോടൊപ്പം സംഭാക്ഷണത്തിലേർപ്പെട്ടു. 78 വയസ്സായ സ്നേഹനിധിയായ അമ്മ. ഏതാനും ദിവസങ്ങൾ കഴിഞ്ഞു ഗിരിജൻ വിളിച്ചുപറഞ്ഞു വസു

മതി അമ്മ മരിച്ചുപോയി. ഹൃദ്രോഗം ആയിരുന്നു. മരണാനന്തര കർമ്മങ്ങളിൽ ദർശനവും പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു.

**4. ഞാനാരാണെന്നറിയാമോ?** എന്റെ മണ്ടത്തരമെല്ലാം ഇതിൽ എഴുതി വെയ്ക്കാൻ ആവില്ല. പേജ് തികയുകയില്ല. വീടിന്റെ വടക്ക് വശം അതിർത്തി ഗോപിസാറിന്റേതാണ്. സാറിന്റെ മകൾ ബിന്ദു അവിടെ മതിൽ കെട്ടുന്നു. നമുക്ക് ഇത് ഉപകാരപ്രദമാണ്. ഒരു ഇലഞ്ഞി തണൽവിരിച്ചുനിൽക്കുന്നത് ഈ അതിർത്തിയിലാണ്. മതിൽ കെട്ടാൻ അത് വെട്ടികൊടുക്കണം. മരം വിൽക്കാൻ ശ്രമിച്ചിട്ട് നടക്കാത്തതിനാൽ ഒരു മരം വെട്ടുകാരനെ വിളിച്ച് ഏർപ്പാടാക്കി. പണ്ടത്തെപ്പോലെ അബദ്ധം പറ്റരുതല്ലോ. എത്രരൂപ ആകുമെന്നു ചോദിച്ചു. മൂവ്വായിരം രൂപ ആകും. ശരി സമ്മതിച്ചു. പിറ്റേദിവസം മൂന്നുപേരുവന്നു. ആദ്യത്തേയാൾ വെട്ടുകാരനായിരുന്നില്ല ഒരു സഹായി മാത്രം. രണ്ട് മണിക്കൂറിനകം മരം മുറിച്ച് താഴെ ഇട്ട് ജോലി തീർത്തു. എന്നിട്ട് സഹായി വന്ന് പറഞ്ഞു ഡോക്ടറേ ഒരു 5500 രൂപ കൊടുത്തേക്കു ഞാൻ വിരണ്ടുപോയി. ഇന്നലെ 3000 അല്ലേ പറഞ്ഞത്. എന്നുപറഞ്ഞപ്പോൾ മൂവായിരത്തിന്റെ തടി ഉണ്ടെന്നാ പറഞ്ഞത്. വെട്ടുകൂലി 5500 രൂപ തരണം എന്ന് പറഞ്ഞയാൾ ഉരണ്ടുകളിക്കുകയാണ് ഞാനും വിട്ടുകൊടുത്തില്ല. തർക്കം രൂക്ഷമായി. വെട്ടുകാരോട് കാര്യം വിശദീകരിച്ചെങ്കിലും കരാർ നിങ്ങൾ തമ്മിൽ ആണ്. ഞങ്ങൾക്ക് കൂലി കിട്ടണമെന്ന് പറഞ്ഞ് അവർ ഇതിൽ ഇടപെട്ടില്ല. വെട്ടി തുടങ്ങുന്നിതിന് മുൻപ് അവരോടും കൂലി പറയേണ്ടതായിരുന്നു എന്നുതോന്നി. കാശുമില്ല കെണിയിലുമായി. സഹായിയായി വന്ന വിരുതനോട് ഒന്നും പറഞ്ഞിട്ട് കാര്യമില്ല. അയ്യായിരത്തി അഞ്ഞൂറ് രൂപ തന്നെ വേണമെന്ന വാശിയിൽ അവൻ വിദഗ്ദമായി കളളം തന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒടുവിൽ എല്ലാവരോടുമായി പറഞ്ഞു ഞാൻ പങ്കജാക്ഷക്കുറുപ്പിന്റെ മകനാണ്. ഒറ്റവാക്കേയുള്ളു. പറഞ്ഞുറപ്പിച്ച തുക അല്ലാതെ ഒറ്റ പൈസ കൂടുതൽ തരില്ല. നിങ്ങൾ എന്ത് വേണമെങ്കിലും ചെയ്തോളൂ. അപ്പോൾ വെട്ടുകാരുടെ ലീഡർ: കുറുപ്പുസാറിന്റെ ആരാണെന്നാ പറഞ്ഞത്? കിട്ടിയ ധൈര്യത്തോടെ ഞാൻ മകനാണെന്ന് പറഞ്ഞു. അപ്പോൾ അയാൾ സഹായിയുടെ നേരേ തിരിഞ്ഞു. ഇവൻ എവിടെ ചെന്നാലും വഴക്കാ പറഞ്ഞ

കാശും മേടിച്ചോണ്ട് പോരേ ഇവിടെ ഒരക്ഷരം മിണ്ടണ്ട. എന്നിട്ട് എന്റെ അടുത്ത് വന്ന് പറഞ്ഞു. സാറേ മിഷ്യന്റെ കൂലി കൊടുക്കണം. ഒരു 500 രൂപ കൂടി തരാമോ. അച്ഛനോടുള്ള മനോഭാവവും അയാളുടെ ചോദ്യവും കേട്ടപ്പോൾ ഒറ്റ പൈസകൂടുതൽ തരില്ല എന്ന് വീബിളക്കിയ ഞാൻ 500 രൂപയും ലഘുഭക്ഷണവും കൊടുത്ത് അവരെ സന്തോഷമായി യാത്രയാക്കി.

ചെറിയ കാര്യങ്ങളിലും വേണ്ടത്ര ശ്രദ്ധ ഉണ്ടാകണം. ലോകത്ത് ധാർമ്മികത കുറഞ്ഞു വരുന്നതിനാൽ നമ്മിൽ അത് നിറഞ്ഞു നിൽക്കണം. ധൈര്യവും വിശ്വാസവും ഉണ്ടെങ്കിൽ പ്രശ്നങ്ങളുടെ കുരുക്ക് താനെ അഴിഞ്ഞുവരും. ഇവിടെ കുറുപ്പ് സാറിന്റെ മകനാണെന്ന് പറഞ്ഞു രക്ഷപ്പെട്ടു. കുട്ടിക്കാലത്ത് ഇത് നല്ലതാണ്. അച്ഛന്റെ പേര് പറഞ്ഞ് രക്ഷപ്പെടാം. പ്രായപൂർത്തിയായവർക്ക് ഈ വേല അത്ര ഭൂഷണമല്ല. സ്വയം പര്യാപ്തത ഉണ്ടായിരിക്കണം. പണ്ട് കൽക്കട്ട റയിൽവേസ്റ്റേഷനിൽ മദ്യപിച്ച് ബഹളം വെച്ചതിന് ഹരിലാൽ എന്നൊരാളെ പോലീസ് പിടിച്ച് കോടതിയിൽ ഹാജരാക്കി. മജിസ്ട്രേറ്റ് വിവരങ്ങൾ ചോദിച്ചിട്ട് അച്ഛന്റെ പേരെന്താണെന്ന് ചോദിച്ചു. എം.കെ.ഗാന്ധി എന്ന ഉത്തരം കേട്ടപ്പോൾ ഞെട്ടി മജിസ്ട്രേറ്റ് ചാടി എഴുന്നേറ്റു. ഈ ലോകത്തിന്റെ തന്നെ വഴികാട്ടിയായ മഹാത്മാഗാന്ധി. കുറ്റവാളിയെ വെറുതെ വിടാൻ ആവില്ലല്ലോ. ഒരണ മാത്രം പിഴയിട്ടുവിട്ടു. ഗാന്ധിയുടെ നാല് മക്കളിൽ മൂത്തവനെ ശ്രദ്ധിക്കുവാൻ ഗാന്ധിജിക്ക് അന്ന് കഴിഞ്ഞിരുന്നില്ല. അതിന്റെ വേദനയും ബാപ്പു അനുഭവിച്ചിരുന്നു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ രക്ഷ ഏറ്റെടുത്തപ്പോൾ അന്ന് ഇന്ത്യയിൽ ജ്യേഷ്ടന്റെ സംരക്ഷണയിൽ ആയിരുന്ന മകനെ ശ്രദ്ധിക്കാൻ ഗാന്ധിജിക്ക് ആയില്ല മകന്റെ സ്വഭാവം കൈവിട്ടുപോയിരുന്നു. എല്ലാ കുറ്റമറ്റതാക്കാൻ ഈശ്വരനല്ലാതെ മറ്റാർക്കും ആവില്ല.

**5. മാമ്പഴക്കാലം.**

സനലുമായി മുരളീധരമേനോൻ സാറിന്റെ വീട്ടിൽ പോയി. എത്രയോ പേരുടെ ആത്മീയ ഉന്നതിക്ക് വേണ്ട ഇന്ധനമാണ് ഇവിടെ നിന്ന് നിറച്ചുകൊണ്ട് പോയിട്ടുള്ളത്. ആദ്ധ്യാത്മിക ശക്തി എന്തെന്നും അത് മഹാപുരുഷന്മാരിലൂടെ ലോകജനതയിൽ വരുത്തിയിരിക്കുന്ന സ്വാധീനവും മറ്റും കേട്ട് ആത്മ വിശ്വാസത്തോ

ടെയാണ് ഇവിടെ വന്നവരൊക്കെ പോയിട്ടുള്ളത്. അങ്ങനെ അനവധിപേർക്ക് സാറ് ആധാരമായിരുന്നെങ്കിലും ഇപ്പോൾ ഈ വീടിന്റെ ആധാരം കാണാതെ കരം അടയ്ക്കാൻ പോലും പണി ഇല്ലാതെ അത് തപ്പിയാണ് സനലുമായി ഇവിടെവന്നത്. സാറിന്റെ പൂജാമുറിയിലും ഒന്ന് കയറി. പ്രാർത്ഥനയുടെ ആദ്യപാഠങ്ങൾ ഇവിടെയാണ് പഠിച്ചത്. ഇതൊരു ട്രാൻസ്ഫോർമർ തന്നെയാണ്. ധ്യാനത്തിലൂടെ സാർ നേടിയ ആദ്ധ്യാത്മിക ശക്തി വിദ്യാർത്ഥികളിലും സന്ദർശകരിലും പ്രവഹിപ്പിച്ചു. ധാരാളം മഹാത്മാക്കൾ വന്ന വീടാണിത്. ഇപ്പോഴത്തെ താമസക്കാരുമായി സാറിനെ കുറിച്ച് സംസാരിച്ചു. പറമ്പിലെല്ലാം മൂവാണ്ടൻ മാമ്പഴം വീണുകിടക്കുന്നു. ഇതെന്താണ് മാമ്പഴം ഉപയോഗിക്കാത്തതെന്ന് വീട്ടുകാരോട് ചോദിച്ചപ്പോൾ ഇവിടെ എല്ലാവർക്കും ഷുഗർ ആണെന്നാണ് മറുപടി. കുടിക്കാൻ ചോദിച്ച പാനീയങ്ങൾ ആയ ചായയും രസനയും നിഷേധിച്ചപ്പോൾ നാരങ്ങാവെള്ളം തന്നു. പോരാൻ നേരം ഒരു മാമ്പഴം എടുത്തു വീട്ടമ്മയ്ക്ക് കൊടുത്തിട്ട് ഇത് കഴിക്കൂ വരുന്നവർക്ക് കൊടുക്കുകയും ചെയ്യാം. മാമ്പഴത്തിൽ നിന്നും അല്ല അമിതാഹാരം ആലസ്യം, ടെൻഷൻ എന്നിവയിൽ നിന്നുമാണ് പ്രമേഹം ഉണ്ടാകുന്നത്. മാമ്പഴക്കാലത്ത് വീട്ടിൽ അത്താഴം പതിവില്ല. മാമ്പഴം കഴിക്കും.

വവ്വാൽ ഒന്ന് കടിച്ചെന്നുകരുതി കളയാറുമില്ല. വവ്വാലിനു മാങ്ങ താഴെ വീഴാതെ തിന്നാം. ഞാൻ എങ്ങനെ മാങ്ങ പറിക്കും തല പുകഞ്ഞു ആലോചിച്ചു. ഒരു പ്രയോജനവും ഉണ്ടായില്ല. കേറാൻ അറിയാം. പക്ഷേ മാങ്ങ പറിക്കുമ്പോൾ താഴെ വീണ് പൊട്ടിപോകുന്നു. ഒടുവിൽ കളിക്കാൻ വന്ന രണ്ടാം ക്ലാസ്സ് കാരൻ ഇർഷാദ് ഒരു പണി പറഞ്ഞു. ഒരു കമ്പിൽ വെള്ളത്തിന്റെ കുപ്പി തുരന്നുവെച്ചുകെട്ടി മാങ്ങ പറിക്കുന്ന വിദ്യ അവൻ എന്നെ പഠിപ്പിച്ചു. അങ്ങനെ ഇഷ്ടം പോലെ പറിക്കുവാനും വിതരണം ചെയ്യുവാനും കഴിഞ്ഞു. മനുഷ്യന്റെ രക്ഷയ്ക്കായി പ്രകൃതി നൽകിയ കായ്കനികൾ ഭൂരിഭാഗവും താഴെവീണ് നശിച്ചുപോകുന്നു. കഴിക്കേണ്ടത് കഴിക്കാതെ കഴിക്കാൻ പാടില്ലാത്തത് പ്രചാരത്തിൽ വന്നതാണ് ആരോഗ്യരംഗം ഇങ്ങനെ തകരാൻ കാരണമായത്. ഒരു ആശുപത്രി പോലും ഇല്ലാ

തിരുന്ന നമ്മുടെ നാട്ടിൻ പുറങ്ങളിൽ പോലും ഇന്ന് ധാരാളം ആശുപത്രികൾ കാണാം. നല്ല ആരോഗ്യമുള്ള ജനങ്ങളെ ഇനി കണ്ടുപിടിക്കുക പ്രയാസമാണ് പോക്കറ്റിൽ പണവും ഗുളികകളുമില്ലാത്ത പ്രായമായവർ കുറവാണ്.

## 6. സ്മരണാഞ്ജലി

ദർശനം പ്രസിദ്ധീകരണം വല്ലപ്പോഴും ഒരിക്കൽ എന്ന സ്ഥിതിയിലാണിപ്പോൾ. സ്മരണാഞ്ജലി ഒരാവർത്തനത്തിൽ നടക്കുന്നു എന്നല്ലാതെ പുതിയ കർമ്മ പദ്ധതികളൊന്നുമില്ല. ദർശനത്തിന്റെ ലക്ഷ്യം എന്തെന്നോ അത് പ്രാവർത്തികമാക്കേണ്ടത് എങ്ങിനെയെന്നോ പഠിപ്പിക്കുവാൻ കഴിയുന്നവരാരും ഇപ്പോഴില്ല. ഈ സാഹചര്യത്തിൽ നമുക്കൊന്നിച്ചു പഠനത്തിനായി സ്മരണാഞ്ജലി ദിവസം വൈകിട്ട് നാലുമണിക്ക് യോഗം ചേരാം. പഠനവും ചർച്ചയും പാട്ടുമായി രാത്രി കഴിയാം. ഫലവൃക്ഷതൈകൾ നടാം, സ്വസ്ഥജീവിതത്തിനുള്ള അടിത്തറ പാകാം. എട്ടിന് മാനുഷികധ്യാനം. കുടിക്കാൻ കഞ്ഞിയും കിടക്കാൻ ഒരു ഇടവും ഉണ്ടാകും. സന്ദർശന്റെ ഗേറ്റ് രാത്രിയിൽ അടയ്ക്കുകയില്ല. എങ്കിലും മനസ്സ് എങ്ങും ഇറങ്ങിപ്പോകാതെ അവിടെ ഇരിക്കട്ടെ. നക്ഷത്രങ്ങൾ എപ്പോഴും പ്രകാശിച്ചുകൊണ്ടേയിരിക്കുന്നു. രാവിലെ ധ്യാനവും കഴിഞ്ഞ് ചുക്ക് കാപ്പിയും കുടിച്ച് പിരിയാം. അനാവശ്യ ചിന്തകളിൽ നിന്നും നമ്മുടെ മനസ്സിനെ ഉയർത്തുകയാണ് ലക്ഷ്യം. വീട്ടുകാര്യം തന്നെ നോക്കികൊണ്ടിരുന്നാൽ വീടും നാടും രക്ഷ പ്രാപിക്കുകയില്ല. മറ്റുള്ളവരെ കൂടി പരിഗണിക്കുമ്പോഴാണ് നാമൊരു മാനവ സമൂഹമായി രക്ഷപ്രാപിക്കുന്നത്. പങ്കെടുക്കുന്നവർ അറിയിക്കുക. സെപ്റ്റംബർ 22 ഞായറാഴ്ച വൈകിട്ട് നാല് മണിക്ക് അമ്പലപ്പുഴ സന്ദർശനിലാണ് സ്മരണാഞ്ജലി. സ്വാഗതം.

### മടിശ്ശീല

ജയകൃഷ്ണൻ അമ്പലപ്പുഴ, രാമചന്ദ്രക്കുറുപ്പ് കഞ്ഞിപ്പാടം, ചന്ദ്രൻ പുറക്കാട്, ശാരദാമ്മ സാർ അമ്പലപ്പുഴ, ജഗദീഷ് ഗാന്ധി സ്മാരക കേന്ദ്രം, കല്ലേലിൽ കൃഷ്ണൻകുട്ടി സാർ, താര അമ്പല

പ്പുഴ, മാളവിക രമേശൻ ചങ്ങനാശ്ശേരി, ശശീന്ദ്രൻ പാലാഴി, ഷൺമുഖൻ നീർക്കുന്നം, ഡോ.ഗോപാലകൃഷ്ണൻ വണ്ടാനം എന്നിവർ 500 രൂപാ വീതവും, ബാബു പടിഞ്ഞാറേവീട്ടിൽ 1000 രൂപയും, തുളസി സാർ, രമചേച്ചി, ഡോ.ജോയ്, എകെ.ഗോപി, മാധവപണിക്കർ, കുട്ടപ്പൻ സാർ തുടങ്ങിയവർ 200 രൂപാ വീതവും, ഗുരുവായൂരിലേക്ക് ഇതുവഴി കുടുംബസമേതം വന്ന സുരേഷ്ബാബു പുനലൂർ സ്മരണാഞ്ജലിക്കായി 2000 രൂപയും മടിശ്ശീലയിലേക്ക് തന്നിട്ടുണ്ട്. എല്ലാവർക്കും നമസ്ക്കാരം.

---

## വിശ്വമൈത്രീഭാവന

ഓരോരുത്തരും അവരവരുടെ മനസ്സിൽ മൈത്രീവിചാരദീപം കൊളുത്തണം. ജീവാവസാനം വരെ അത് കെടാതെ സൂക്ഷിക്കണം. കാറ്റും മഴയും അടവിയും ആഞ്ഞടിച്ച് കെടുത്തിക്കളയും. കെട്ടുകൊള്ളട്ടെ, വീണ്ടും കൊളുത്തണം. എന്താണീ ദീപം. വിചാരദീപം. ഭാവദീപം. "അന്യമായി ഒന്നുമില്ല. എല്ലാം ഒരു കുടുംബക്കാർ. തിരുത്താൻ ശ്രമിക്കാതെ ഗുണദോഷങ്ങളോടുകൂടി വീട്ടിലുള്ളവരേയും നാട്ടുകാരേയും സർവ്വരേയും ഉള്ളിൽ സ്വന്തമാക്കുക. എന്റെ ശിഷ്ടജീവിതകാലത്ത് വിദ്വേഷവും പകയും വെടിഞ്ഞ് സർവ്വമതസ്ഥരേയും കക്ഷിക്കാരേയും ഭാഷക്കാരേയും സജ്ജനങ്ങളേയും ദുർജനങ്ങളേയും സ്വന്തമായിക്കണ്ട് പെരുമാറുവാൻ ഞാൻ പരിശ്രമിക്കും". ഈ വിശ്വമൈത്രീ വിചാരം സദാ അവസാന ശ്വാസം വരെ കൈവിടാതെ സൂക്ഷിക്കണം. വിചാരമാർഗ്ഗത്തിലൂടെ വിശ്വപരിവർത്തനത്തിനുള്ള ഒരു സാധനയാണിത്. സകലകർമ്മങ്ങളിലും വാക്കിലും ഈ ആർദ്രത വറ്റാതെ നിലനിൽക്കണം. ഈ ഭാവം പരിശീലിച്ചാൽ ഇതിന് യോജിച്ച പെരുമാറ്റങ്ങൾ സ്വയം ഉരുത്തിരിഞ്ഞുവരും. ചടങ്ങാവരുത്. ഉള്ളിൽനിന്ന് കത്തുന്ന ദീപമാകണം. അന്യനു പ്രകോപനമുണ്ടാക്കുന്ന ശബ്ദങ്ങൾ മുഖത്തുനിന്നു വരില്ല. അന്തരീക്ഷം ആകെ ശാന്തമാകും.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com



## കുടുംബം

ഈ ലോകം ഒരു കുടുംബമാണ്.
നാം അതിലെ അംഗങ്ങളും.
താൻ ഒരു പ്രത്യേക വംശത്തിലോ രാഷ്ട്രത്തിലോ
പെട്ടയാളാണെന്ന് അഹങ്കരിച്ചാൽ
കുടുംബാംഗങ്ങൾ തമ്മിൽ ഒന്നിക്കാതെ
കലഹങ്ങൾ ഉണ്ടാകും.
നാം ഭൂമിക്കാരാണെന്ന ബോധത്തോടെ
ഓരോരുത്തരും അവരവരുടെ ധർമ്മം
നിർവഹിക്കുമ്പോഴാണ് ഭൂമി
ഒരാനന്ദഗോളമായി തീരുന്നത്.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306